# സ്നേഹം ജ്വലിക്കുന്നു



HL

ജെ. പി. ഒല്ലൂർ

# സ്നേഹം ജീവിക്കുന്നു

By

ജെ. പി. ഒല്ലൂർ

T 62
OL·9

ിനയം
വീകര.

DHARMARAM COLLEGE LIBRARY, BANGALORE.
4820

പ്രസാധകർ:
എസ്. എച്ച്. ലീഗ്,
ആലുവാ നോർത്ത് P. O.

വില. 45 ന. പൈ.

ഒന്നാം പതിപ്പ്
ജൂൺ 1958

കോപ്പി 1500

(പകർപ്പവകാശം "എസ്. എച്ച്. ലീഗ്)

Cum Permissu Superiorum

Printed by Bro. C. F. Joseph, at the J. M. Press
Ap. Seminary, Alwaye North P.O. (S. India)

# ഇത്രമാത്രം

ബാലികാബാലന്മാർക്കു് അഭിനയിക്കുവാൻ ഉപകരിക്കത്തക്കവിധം, വിശുദ്ധ ഡൊമിനിക്കു സാവിയോയുടെ ജീവിതസംഭവങ്ങൾ പെറുക്കിയെടുത്തു കോർത്തിണക്കിയ ലഘുനാടകോപഹാരമാണു 'സ്നേഹം ജീവിക്കുന്നു'. കഴിവുകേടുകൾ പലതും കണ്ടേക്കാം. തള്ളേണ്ടതു തള്ളുകയും കൊള്ളേണ്ടതു കൊള്ളുകയും ചെയ്തു വേണ്ട പ്രോത്സാഹനം നല്കണമെന്നു സഹൃദയരോടു സവിനയം അഭ്യർത്ഥിക്കുന്നു. ഈ നാടകം ഇത്രയും നന്നായി പ്രസിദ്ധീകരിക്കുവാൻ സഹായിച്ച എല്ലാവരേയും കൃതജ്ഞതാസമന്വിതം അനുസ്മരിക്കുകയും വിവിധതരത്തിൽ എന്നെ അനുഗ്രഹിച്ചുവന്ന നിര്യാതനായ വെ. റവ. ഫാ. സഖറിയാസ് ഒ. സി. ഡിയുടെ പാദാരവിന്ദങ്ങളിൽ ഈ സ്നേഹസ്മാരകം സമർപ്പിച്ചുകൊള്ളുകയും ചെയ്യുന്നു.

ജയ് ജീസസ്സ്

ഒല്ലൂർ
1-6-58

ഗ്രന്ഥകർത്താ

# യവനികയ്ക്കുള്ളിൽ

1 ചാറത്സ് } സാവിയോയുടെ മാതാ
2 ബ്രിജീത്ത } പിതാക്കന്മാർ

3 ഡൊമിനിക്ക് സാവിയൊ—കഥാനായകൻ.
4 ഫാ. ജോൺബോസ്കോ
5 ഫാ. കുഗ്ലിയരൊ—ക്ലാസ്സ് ടീച്ചർ.
6 മരുന്നുവില്പനക്കാരൻ.

7 ആൻറി } സാവിയോയുടെ
8 സണ്ണി } സതീർത്ഥ്യർ
9 വില്യം }

N.B. വിശുദ്ധ ഡൊമിനിക്ക് സാവിയൊ ഒരു രോഗിക്ക് പ്രത്യക്ഷപ്പെടുന്നതായ ഒരു 'ടാബ്ളോ' നാടകാന്ത്യത്തിൽ പ്രദർശിപ്പിക്കുന്നതു് അഭിലഷണീയമായിരിക്കും.

# സ്നേഹം ജീവിക്കുന്നു

## രംഗം ഒന്നു്

[ഡോമിനിക്ക് സാവിയൊ സ്കൂൾവിട്ടു വരുന്നു. സുഹൃത്തു് അൻറിയൊ പിറകിൽനിന്നു വിളിക്കുന്നു. വേഷം— പാൻറസ്, കോട്ടു്............]

അൻറി. സാ........വിയൊ........സാവി........യോ............

സാവിയൊ........ (തിരിഞ്ഞുനോക്കുന്നു) ആരാണിതു്?........

അൻറിയൊ........ (കൂപ്പുകൈ) നമസ്കാരം........

അ. സാവിയൊ വരുന്നതു ഞാൻ നോക്കിനില്ക്കുകയായിരുന്നു. ഉം......... (നെടുവീർപ്പു്) എന്താ........ ഇത്ര വൈകിയതു്? സ്കൂൾവിട്ടിട്ടു് അല്പം സമയമായല്ലോ.

സാ. എനിക്കു് ഒരാളെ കാണാനുണ്ടായിരുന്നു.

അ. ആരെയാണു്? പറയുന്നതിനു വിരോധമുണ്ടോ?

സാ. വിരോധമൊന്നുമില്ല. പക്ഷേ, അൻറിയും ചെന്നുകാണുമോ? അദ്ദേഹത്തിനു് അൻറിയേയും കണ്ടിട്ടാവശ്യമുണ്ടത്രേ.

അ. ഓ........ കണ്ടേക്കാം........ പറയൂ.

സാ. നമ്മുടെ ദിവ്യഈശോ........ ആ ദിവ്യനാഥനെ ഒന്നു

സന്ദർശിക്കുവാൻ ഞാൻ പോയിരിക്കയായിരുന്നു. വിസീത്ത ചെയ്യേണ്ട കാര്യത്തെപ്പററി ഇന്നാൾ കാററീക്കിസം ക്ലാസ്സിൽ പറഞ്ഞതോർക്കുന്നില്ലേ? എന്നിട്ടല്ലേ ആൻറി സ്കൂൾ വിട്ടവഴിക്ക് ഓടിയത്. ശരിയായില്ല, കേട്ടോ?........

അ. ഒന്നു മിണ്ടാതിരി സാവിയെ. ഒരു വിസിററും സർക്കീട്ടും മുക്കൂട്ടും ഏതു സമയവും ഇതുതന്നെയായാലോ?

സാ. ആൻറിക്കൊക്കെ സർക്കീട്ടേ പററുകയുള്ളൂ. നല്ല കാര്യങ്ങൾ തോന്നാനും പ്രവർത്തിക്കാനും പൊതുവെ എവർക്കും ഭാരംതന്നെയാണ്.

അ. വേണ്ടെന്നു വെച്ചിട്ടല്ല സാവിയെ; മറെറാരു കാര്യത്തിനു പോകാനുണ്ടായിരുന്നതുകൊണ്ടാണ്. ഇനിയും ഉണ്ടല്ലോ ദിവസങ്ങൾ. ഇന്നു ഞങ്ങൾ കുറച്ചുപേർക്കൂടി നീന്തിക്കളിക്കുവാൻ പ്ലാനിട്ടിരിക്കുകയാണ്. നല്ല സുഖമായിരിക്കും. സാവിയേയുംകൂടി കൊണ്ടുപോകുവാൻ ഞങ്ങൾ തീരുമാനിച്ചിട്ടുണ്ട്.

സാ. ഇപ്പോഴൊ!........ ഞാനോ....?.... എന്താ ഇത്ര തിടുക്കം. വീട്ടീച്ചെന്നു കഴിഞ്ഞാട്ടായാലും പോരെ.....

അ. (തലയാട്ടി) ഉം.... അതുപോര. ഒരു നാഴികയോളം നീന്തുവാനുണ്ട്. അതുമാത്രമോ? (ചിരിച്ച്) അക്കരച്ചെന്ന് ഓറഞ്ച്, ആപ്പിൾ, സപ്പോട്ട തുടങ്ങിയ പഴങ്ങൾ നമുക്കു തട്ടിയെടുക്കുകയും ചെയ്യണം (കൈപിടിച്ച്) ഉം.... വരൂ.................

സാ. ഉം.... നില്ക്കൂ.... നില്ക്കൂ.... ഒന്നു ചോദിക്കട്ടെ. ഈ ഓറഞ്ചും, ആപ്പിളുമെല്ലാം ആരുടെ വകയാണ്.

അ. ആരുടേതായാലും നമുക്കെന്താ....? നമുക്കു വയറുനിറയെ സാപ്പിടാം.... വരൂ....

സാ. ഞാനോ (തലയാട്ടി) ഉം....

അ. എന്താ........

സാ. ഞാൻ വീട്ടിൽ ചെന്ന് അമ്മയോടു ചോദിക്കട്ടെ. അമ്മ അനുവദിക്കുകയാണെങ്കിൽ ഞാൻ വരാം.

അ. വേണ്ട വേണ്ട. അതരുത്; നിശ്ചയമായും അമ്മയോടു ചോദിക്കരുത്. ചോദിച്ചാൽ അമ്മ അനുവദിക്കുകയുമില്ല. മാത്രമല്ല, അമ്മ ഞങ്ങളുടെ വീട്ടുകാരോടു പറയുകയും ചെയ്യും.

സാ. (തലയാട്ടി) അതു ശരി. അമ്മ അനുവദിക്കുകയില്ലെങ്കിൽ ഇതിലെന്തോ പിശകുണ്ടെന്നുള്ളതു തീർച്ചയാണ്. എനിക്കു നന്മ വരുത്തുന്ന കാര്യങ്ങളെല്ലാം എൻെറ അമ്മ അനുവദിക്കും. അതുകൊണ്ട് എനിക്കു നിങ്ങളുടെകൂടെ പോരാൻ നിവൃത്തിയില്ല. നിങ്ങളുടെ മാതാപിതാക്കന്മാക്ക് അഹിതകരമെങ്കിൽ നിങ്ങളും അതിനു പോകാതിരിക്കയാണു വേണ്ടത്.

അ. സാവിയൊ, ഈ ഉദ്യമത്തെ തടയരുത്. ഇതു തെററാണോ? നീന്തുവാൻപോകയല്ലേ? വയറുനിറച്ചു പഴങ്ങളും തിന്നാം. ഒരു വിനോദം; ഇതിലെന്താ?

സാ. എന്തായാലും കൊള്ളാം. ഈ വിനോദം ഒരു വിരോധമാണ്, തെററാണ്. ഞാൻ ഇപ്പോളില്ല. എനിക്ക് അമ്മയോടു ചോദിക്കണം. അനുവദിച്ചെങ്കിൽ വരാം. സ്കൂൾവിട്ടു വരുന്നല്ലേയുള്ളു. വീട്ടിൽ ചെന്ന് അമ്മയോടു ചോദിക്കട്ടെ. ശരി എന്നാൽ ഞാൻ വരട്ടെ (പോകുന്നു)

കർട്ടൻ.

## രംഗം രണ്ടു്

[ചാറൽസ്കുടുംബം. സാവിയോയുടെ മാതാവു് ബ്രി ജീത്തു മുറി അടിച്ചു വൃത്തിയാക്കുന്നു. സാവിയൊ സ്കൂളിൽനിന്നു വരുന്നു. മേശ, കസേരകൾ, തിരുഹൃദയ സ്വരൂപം..............]

സാ. (സസന്തോഷം പ്രവേശിച്ചു്) അമ്മേ........അമ്മേ........ (കൈകൂപ്പി) ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ.........

ബ്രിജീത്തു്— (പുഞ്ചിരി) എപ്പോഴും സ്തുതിയായിരിക്കട്ടെ.

സാ. (പുസ്തകവും മററും മേശമേൽവെച്ചു്) അമ്മേ........അമ്മേ.... അമ്മ വല്ലാതെ ക്ഷീണിച്ചുവെന്നു തോന്നുന്നു. ചൂല് ഇങ്ങു തരൂ..... ആണുങ്ങൾക്കും അകമടിച്ചതുകൊണ്ടു വിരോധമൊന്നുമില്ല. ഞാനൊന്നടിച്ചുനോക്കട്ടെ.........

ബ്രി. വേണ്ട മകനേ. കഴിയാറായി. സ്കൂളിൽനിന്നു നീ വന്നല്ലേയുള്ളു. അല്പം ആശ്വസിക്കൂ. കാപ്പി കുടിക്കണ്ടേ? (ചൂൽ ഒരിടത്തിട്ടു് കാപ്പി കൊണ്ടുവരാൻ പോകുന്നു.)

സാ. (ചൂൽ എടുത്തു മൂലിപ്പാർട്ടോട്ടക്കൂടി അകം അടിക്കുന്നു) ഇതുതന്നെ അവസരം......... അമ്മ വരുമ്പോഴേയ്ക്കും തീക്കണം. (വൃത്തിയാക്കിയപ്പോഴേക്കും അമ്മ കാപ്പിയുമായി പ്രവേശിക്കുന്നു).

ബ്രി. (ചിരിച്ചു്) അല്ലാ, നീ പണി പററിച്ചോ? അമ്പടാ.....

സാ. (ചിരിച്ചു്) പണി പററിച്ചതല്ലമ്മേ. പണി കഴിച്ചു

താ........ ഇപ്പോൾ എങ്ങനെ ഇരിക്കുന്നു. നന്നായി ട്ടില്ലേ?............

ബ്രി. ശരി, ശരി............

സാ. ങ്ആ! അതാണു ഞാനും പറഞ്ഞതു്. എന്തിന്നാണ മ്മേ സമയം കളയുന്നേ! ഓരോരോ ജോലികളും വേഗം കഴിച്ചു ബൈബിളോ മററു നല്ല പുസ്തകങ്ങളോ വായി ക്കരുതോ....?........

ബ്രി. അതു ശരിയാണ്.

സാ. (ഇരുന്നു കാപ്പികുടിക്കുന്നതിടയിൽ) അതാണു ഞാനും പറഞ്ഞതു്. (ബ്രിജീത്തു കീറിയ ഷർട്ട് ബഞ്ചിലിരുന്നു തുന്നുന്നു) അമ്മേ........ അമ്മേ........, ഇന്നു് ഒരു സംഭ വമുണ്ടായി.

ബ്രി. ഉം........ എന്താ........? ഇത്ര കാര്യമായി.

സാ. അതോ പറയാം (കാപ്പികുടിച്ച്) ഞാൻ പറഞ്ഞു: അ മ്മയോടു ചോദിക്കട്ടെയെന്നു്.

ബ്രി. എന്തു്?............

സാ. ഞാൻ സ്കൂളിൽനിന്നും വരികയായിരുന്നു. ഇടയ്ക്കുവച്ച് അ........ നമ്മുടെ, അ........ പുഴയില്ലേ? അതിന്റെ സമീ പംവച്ച് അ........ ആൻറിയില്ലേ........

ബ്രി. ഉം........ഉവ്വ്. അവൻ?

സാ. അവൻ എന്റെയടുക്കൽവന്നു പുഴയിൽ നീന്താൻ പോ കാമെന്നു പറഞ്ഞു ക്ഷണിച്ചു. മൂന്നാലുപേർ വേറെയും ഉണ്ടത്രെ.

ബ്രി. എന്നിട്ട് നീയെന്തു പറഞ്ഞു?

സാ. കേൾക്കമ്മേ. ഞാൻ ചെല്ലാൻ പിന്നേയും നിർബ്ബന്ധി ച്ചു. നീന്തി അക്കരെ ചെന്നു് ഓറഞ്ചും മററും പൊട്ടിച്ചു

തിന്നാനാണത്രെ പ്ളാൻ. എനിക്കേകദേശം അവരുടെ ഉദ്ദേശം മനസ്സിലായി. അമ്മയോടു ചോദിച്ചിട്ടു സമ്മതിച്ചാൽ ഞാൻ വരാമെന്നും പറഞ്ഞു വേഗം പോന്നു.

ബ്രി. അതേ, നീ നന്നായി പ്രവർത്തിച്ചു. അങ്ങനെതന്നെ വേണം. തെററുകൾ കാണുന്നതു തൽക്ഷണം പരിഹരിക്കണം. സത്യത്തിൻേറയും നീതിയുടേയും മാർഗ്ഗത്തിൽക്കൂടെമാത്രമേ നാം എപ്പോഴും എവിടേയും സഞ്ചരിക്കാവൂ. അവരുടെകൂടെ പോയിരുന്നെങ്കിൽ എന്തെല്ലാം ആപത്തു സംഭവിക്കുമായിരുന്നു. നീന്തിക്കളിച്ചു കളിച്ചു കളി കാര്യമാകും. അന്യൻെറ മുതൽ എടുക്കയും വേണം. അപ്പോൾ വാക്കും തക്കോം കേസുമായി. ഇതിനെല്ലാം എന്താണു കാരണം?—കൂട്ടുകെട്ട്. കൂട്ടുകെട്ടുകളുടെ ദോഷഫലംകൊണ്ടാണു മനുഷ്യർ ചീത്തയാകുന്നതു്. അതുകൊണ്ടു സാവിയൊ, കൂട്ടുകാരെ തിരഞ്ഞെടുക്കുന്നതിൽ പ്രത്യേകം സൂക്ഷിക്കണം. (നോക്കുന്നു) അതാ, അപ്പൻ വരുന്നുണ്ടല്ലോ.

സാ. (സസന്തോഷം എഴുന്നേല്ക്കുന്നു. കസേര തുടച്ചു വൃത്തിയാക്കുന്നു) അപ്പാ............

(ക്ഷീണവിവശനായ ചാറൽസ് ഇരുമ്പുകഷണങ്ങളും ചുററികയും മററുമായി പ്രവേശിക്കുന്നു. വേഷം—മുഷിഞ്ഞ പാൻറ്സ്, കോട്ടു് മുതലായവ)

ചാറൽസ്. എന്താ മകനേ............

സാ. (പിതാവിൻെറ കൈക്കുപിടിച്ചു്) അപ്പാ......... അപ്പൻ വല്ലാതെ ക്ഷീണിച്ചിട്ടുണ്ടല്ലോ. ഞാനെടുത്തുവയ്ക്കാം. (സാമാനങ്ങൾ വാങ്ങി ഒരിടത്തു വയ്ക്കുന്നു) അപ്പാ........ ഈ കസേരയിൽ ഇരിക്കൂ........ (ചാറൽസിൻെറ കൈപിടിച്ചു നില്ക്കുന്നു).

ചാ. (സസന്തോഷം മകനെ തലോടുന്നു) ബ്രിജീത്തു്, ക-

ണ്ടോ? നിന്നെക്കൊണ്ടാകുമോ? എനിക്കിങ്ങനെ ഒരു സ്വീകരണം തരുവാൻ. സാവിയോയെ കാണുമ്പോഴാണു് എൻെറ ക്ഷീണമെല്ലാം അപ്രത്യക്ഷമാകുന്നതു്.

ബ്രി. അതെ, അതു ശരിയാണു്. എന്നെക്കൊണ്ടാകയില്ല. ഭക്ഷണം തയ്യാറാക്കണം, വെള്ളം കോരണം, അടിക്കണം, വിറകുവെട്ടണം തുടങ്ങിയ ജോലികളല്ലേ പെണ്ണുങ്ങൾക്കറിഞ്ഞുകൂട്ടു. അറിഞ്ഞാലും ഇല്ലെങ്കിലും അതിനു സമയവുമുണ്ടോ? (പോയി കാപ്പി കൊണ്ടുകൊടുക്കുന്നു. ചാറൽസ് വാങ്ങികുടിക്കുന്നു)

സാ. അപ്പാ........ അപ്പൻ വളരെ ക്ഷീണിച്ചായിരിക്കും അല്ലേ ദിവസവും വരുന്നതു്. അപ്പൻ ഞങ്ങൾക്കും പ്രത്യേകിച്ചു് എനിക്കുവേണ്ടി എത്ര കഠിനവേല ചെയ്യുന്നു. ഞാൻ അപ്പനു് ഒരു അസഹ്യഹേതുമാത്രമാണു്. അപ്പനും അമ്മയ്ക്കും ആരോഗ്യം കിട്ടുന്നതിനും എന്നെ ഒരു നല്ല കുട്ടിയാക്കുന്നതിനും ഞാൻ ദൈവത്തോടു പ്രാർത്ഥിക്കും.

ചാ. ഒരു കുടുംബമാകുമ്പോൾ അതെല്ലാം ആവശ്യമാണു മകനെ. നെററിയിലെ വിയർപ്പുകൊണ്ടു് അദ്ധ്വാനിച്ചു ജീവിക്കണമെന്നല്ലേ ദിവ്യശാസനം? അതനുസരിച്ചു ഞാനും വേലചെയ്യുന്നു. എന്തിനു്? നിനക്കും അമ്മയ്ക്കും എനിക്കും എല്ലാവർക്കുംവേണ്ടി; (രണ്ടു കൈകൊണ്ടും സാവിയോയുടെ മുഖം പിടിച്ചുനോക്കിക്കൊണ്ടു്) മനസ്സിലായോ കുഞ്ഞേ? ഉം........, സാവിയോ, നീ എപ്പോഴാണു വന്നതു്?

സാ. അല്പം സമയമായി.

ചാ. പാഠങ്ങൾ എല്ലാം നല്ലപോലെ പഠിക്കുന്നില്ലേ?........

സാ. ഈശോയുടെ സഹായത്താൽ ഞാൻ നല്ലപോലെ പഠിക്കുന്നുണ്ടു്.

ചാ. ഞാൻ നിന്നെപ്പററി ടീച്ചറോടു ചോദിക്കുന്നുണ്ട്.

സാ. ഉവ്വോ........ എന്തു പറഞ്ഞു?

ചാ. അതു നീയറിയേണ്ട. ഒരു വിദ്യാർത്ഥിയുടെ ചുമതല എന്താണെന്നു നീ നോക്കിയാൽ മതി.

സാ. പഠിക്കണം. നല്ലപോലെ പഠിക്കണം. അങ്ങനെ പഠിച്ച് എല്ലാ നല്ല കാര്യങ്ങളും പഠിക്കണം. അതിന്ന് അപ്പൻ സമ്മതിക്കുമോ?

ചാ. ഞാൻ സമ്മതിക്കാതിരിക്കുകയോ? നല്ല തരമായിട്ടുണ്ട്. എൻെറ പൊന്നു മകനുവേണ്ടി എന്തു കഷ്ടതകളും അനുഭവിക്കുവാൻ ഞാൻ തയ്യാറാണ്. ദൈവം നമ്മെ അനുഗ്രഹിക്കും............

ത്രി. ഇങ്ങനെ ഓരോന്നു പറഞ്ഞുകൊണ്ടിരുന്നാൽ സന്ധ്യയാകുന്നതറിയുകയില്ല. കറിക്കു വല്ല സാമാനങ്ങളും വാങ്ങിക്കൊണ്ടുവരണം.

ചാ. ശരി, അമ്മ പറയുന്നതു കേട്ടോ സാവിയോ; അടുക്കളക്കാര്യമേ അമ്മയ്ക്കറിഞ്ഞുകൂട്ടൂ. (പോക്കററിൽനിന്നു പണം എടുത്ത്) ഇന്ന് അല്പം പണം കിട്ടിയിട്ടുണ്ട്. സാവിയോ........ നമുക്കു ചന്തയിലേക്കു പോകാം......... ആ സഞ്ചി എടുക്കൂ............

സാ. അമ്മേ........ എവിടെയാണമ്മേ സഞ്ചി?............

ത്രി. ഇവിടെ ഉണ്ടായിരുന്നല്ലോ........ (നോക്കി കൊടുക്കുന്നു) ഇതാ............

(സാവിയോ സഞ്ചി വാങ്ങുന്നു)

ചാ. എന്നാൽ വരൂ........ (നടക്കുന്നു.)

ത്രി. അതേ........ മൊളകും, മണ്ണെണ്ണേംകൂടി. മറക്കരുത്?

(സാവിയൊ കൂടെപ്പോകുന്നു)

കർട്ടൻ.

## രംഗം മൂന്നു്

[സ്കൂൾ — ക്ലാസിൽ കുട്ടികൾ നിശ്ശബ്ദരായി പുസ്തകം വായിച്ചിരിക്കുന്നു. അദ്ധ്യാപകൻ ഫാദർ കുസ്ലിയരൊ കസേരയിൽ ഇരുന്നു എഴുതിക്കൊണ്ടിരിക്കുന്നു.]

ഒരു കുട്ടി. (എഴുന്നേററ്) ഫാദർ........ ഈ പീററർ ഞാൻ വായിക്കുമ്പോൾ തലയ്ക്കിട്ടു ഞോണ്ടുപാ............

ഫാ. കു. (ചൂരൽ മേശമേൽ അടിച്ച്) അററൻഷൻ........, അററൻഷൻ. എന്താണിതു്? ആരാ ഞോണ്ടിയതു്?

കുട്ടി. ഈ പീററർ, ഫാദർ.

പീററർ. അല്ല, ഫാ........ദേർ........ ഞാനല്ല.

ഫാ. കു. പിന്നെ ആരാണു്?

കുട്ടി. അതേ, ഫാദേർ........ പീററർതന്നെയാണ്. ഞോണ്ടിക്കഴിഞ്ഞിട്ട് പീററർ കൈവലിക്കുന്നതു ഞാൻ കണ്ടതാ.............

(മററു കുട്ടികളും പീറററാണു ഞോണ്ടിയതെന്നു പറയുന്നു)

ഫാ. കു. ങ്ഹാ! ഇത്രയ്ക്കായോ? നുണയും പറയാമെന്നായോ? എടാ നുണപറഞ്ഞു പഠിക്കാനാണോ ക്ലാസ്സിൽ വരുന്നതു്? ഉം........ ഉം........ കൈനീട്ട് (അടിക്കുന്നു) ഇനി നുണ പറയുമോ? (പീററർ കൈവലിക്കുന്നു) ഇങ്ങോട്ടു കൈ നേരെ പിടിയെടാ........, ഉം.... (ഭയസഹിതം പീററർ കൈനീട്ടുന്നു) ഇനി ഇത്തരം വികൃതികൾ ചെയ്യുമോ? (അടിക്കുന്നു, പീററർ കരയുന്നു) മിണ്ടി

പ്ലോകരുത്. ........ അമ്പടാ കേമാ........ സ്റ്റാൻറ് അപ്പോൺ ദ ബെഞ്ച്........ (പീററർ കരഞ്ഞു പുസ്തകം പിടിച്ചു ബഞ്ചിൽ നില്ക്കുന്നു) അറൻഷൻ............ പാഠം എല്ലാവരും പഠിച്ചിട്ടില്ലേ?............ (എല്ലാവരും— "ഉവ്വ് ഫാദേർ" എന്നു പറയുന്നു) സാവിയൊ വായിക്കൂ............ (സാവിയൊ എണീററു നിന്ന് ഇംഗ്ലീഷ്പാഠം വായിക്കുന്നു) നെക്സ്ററ് (യഥാക്രമം എല്ലാവരെക്കൊണ്ടും പാഠം വായിപ്പിക്കുന്നു. തദനന്തരം പോയട്രി ചൊല്ലിപ്പിക്കുന്നു.) പോയട്രി എട്ടുവരിയല്ലേ പഠിക്കാൻ പറഞ്ഞിട്ടുള്ളത്. ഉം........, സാവിയൊ ചൊല്ലൂ........

സാ. (കാണാതെ ഭംഗിയായി ചൊല്ലുന്നു)

The Master of Missions
Will follow you there,
Will strengthen your shoulder
Your burden to bear
Untold is the treasure,
Divine is the pay
The Master will measure
For going His way.

ഫാ. കു. ഗുഡ്! വെരിഗുഡ്ഢ്! യേസ് നെക്സ്ററ് പീററർ.

പീ. (വിക്കി) ദി മാസ്റ്റർ.... ദി.... മാസ്റ്റർ........ മാസ്റ്റർ........ ഈസ്.... അല്ല—ഓഫ് (കുട്ടികൾ ചിരിക്കുന്നു) ദി.... മാസ്റ്റർ ഓഫ് മിഷൻസ്........ വില്ല് വില്ല്........ ഫോളോ........ യൂ ദേർ........, വില്ല്........, വിൽ ഒ............

ഫാ. കു. will strengthen... ഉം............

പീ. സ്ട്രെങ്ങ്തൻ, സ്ട്രെങ്ങ്തൻ...............

ഫാ. ക. നീ ഞൊണ്ടാനും നുണ പറയാനും പൊയ്ക്കോടാ. ചില കുന്തങ്ങൾ അങ്ങനെ എഴുന്നള്ളും, ഒന്നിനും കൊള്ളരുതാത്തതായി. മററുള്ളവർക്കൊരുപദ്രവവും. എടാ, നാളെയ്ക്ക് ആ പോയട്രി അമ്പതുപ്രാവശ്യം എഴുതി എന്നെ കാണിക്കണം. കേട്ടോ. നെക്സ്ററ് (എല്ലാവരെക്കൊണ്ടും ചൊല്ലിപ്പിക്കുന്നു. ചിലർ വിക്കിച്ചൊല്ലുന്നു) പോയട്രി കിട്ടാത്തവർ നിശ്ശബ്ദരായി അവിടെ ഇരുന്നു നല്ലപോലെ പഠിക്കു............

പീ അച്ചാ........ഞാനിരുന്നോട്ടേ............

ഫാ. ഉം........ ശരി. അവിടെ ഇരുന്നോളൂ. ഞൊണ്ടാനും വഴക്കുകൂടാനും പോകാതെ അടങ്ങിയൊതുങ്ങി ഇരുന്നു പഠിക്ക്. ആരും ബഹളമുണ്ടാക്കരുത്. ഞാനിപ്പോൾ വരാം. (പോകുന്നു)

(അല്പസമയത്തിനുശേഷം കുട്ടികൾ മൂളിപ്പാട്ട്, ചൂളകുത്ത്, ഞൊണ്ടൽ എന്നിവയിൽ ഏർപ്പെടുന്നു. സാവിയൊമാത്രം ശാന്തമായി പുസ്തകം വായിക്കുന്നു.)

പീ. എടാ, ഫ്രാൻസീസ് നമുക്കാ ചവറുകൊട്ടയിൽ നിറച്ചു കല്ലുപെറുക്കി ഇടാം. വരു........ സാവിയൊ വരു. ഉം........ എന്നിട്ട് അച്ചൻ ഇരിക്കുന്ന മേശയുടെ ചുവട്ടിൽ വെയ്ക്കാം. (ചിരിച്ച്) അച്ചൻ ഇരുന്നു കാൽ നീട്ടുമ്പോൾ കൊട്ട പടപടാന്നു വീണോളും. നല്ല തമാശുണ്ടാക്കാം. വരു........ ഇങ്ങനെ ഇരുന്നു വായിച്ചാലോ........നമുക്ക് അച്ചനെ ഒന്നു കളിപ്പിക്കാം.

സാ. എന്ത്! നമ്മുടെ അച്ചനെ കളിപ്പിക്കുകയോ? നിങ്ങൾക്കു ഭ്രാന്തുണ്ടോ? ഈ അനാവശ്യങ്ങൾ കാട്ടിക്കൂട്ടി ഗുരുനാഥനെ കളിപ്പിക്കുകയോ?ഞാനില്ല. നിങ്ങൾ ഈ പ്രവൃത്തി ചെയ്യുന്നതു ശരിയല്ല. എന്തു തോന്ന്യാസങ്ങളാണു കാ

ണിക്കുന്നത്? അച്ചൻ പോകുമ്പോഠം എന്താണു പറഞ്ഞത്? അച്ചടക്കത്തോടുകൂടി ഇരുന്നു പഠിക്കാനല്ലേ? എന്നിട്ടു ചന്തയിൽപ്പോലും കാണാത്ത ഈ ദുഷ്ക്കർമ്മങ്ങഠം ചെയ്യുകയോ? ദയവുചെയ്തു നിങ്ങഠം ബഹളംകൂട്ടാതെ പഠിക്കൂ............(വായിക്കുന്നു)

പീ. (പുച്ഛത്തോടെ) ഓ........, ഒരു മേലാളു വന്നിരിക്കുന്നു; പഠിപ്പിക്കാൻ. വരുന്നില്ലെങ്കിൽ അതു പറഞ്ഞാൽ പോരേ................

സാം. പഠിപ്പിക്കുകയുമൊന്നുമല്ല. നാം ചെയ്യേണ്ട കാര്യങ്ങഠം ഓർമ്മിപ്പിച്ചുവെന്നേയുള്ളു. ടീച്ചർ എന്താണു പറഞ്ഞു പോയത്?

പീ. അതു ഞങ്ങഠംക്കറിയാം. നീ നോക്കിക്കോ. വാടാ ഫ്രാൻസീസ്........വരൂ................

(പീററും ഫ്രാൻസീസും കല്ലു കൊട്ടയിൽ നിറച്ചു മേശയ്ക്കു ചുവട്ടിൽ വെയ്ക്കുന്നു. ഡേവി മേശമേൽ ഇരുന്നു പുസ്തകം ഉച്ചത്തിൽ വായിക്കുന്നു)

പോളി. എടാ ഡേവി, ഞാൻ ഒരു മനുഷ്യനെ വരയ്ക്കാൻപോകയാണ്. (ബോർഡിൽ ഒരാഠംരൂപം വരയ്ക്കുന്നു. മറെറാരു കുട്ടി ചരട് എടുത്ത്, പോളിയുടെ വസ്ത്രത്തിൽ കെട്ടി മറുതല മേശയുടെ കാലിൽ കെട്ടുന്നു. ചിരിക്കുന്നു. വിവരം മനസ്സിലായപ്പോഠം വാക്കുതക്കം.)

ഡേ. ശ്ശൂ ശ്ശൂ........എടാ, മിണ്ടാതിരി. ഓ, അച്ചൻ വരുന്നു. മിണ്ടാതിരിക്കൂ. (അതതു സ്ഥാനങ്ങളിൽ എല്ലാവരും ഇരുന്നു പുസ്തകം വായിക്കുന്നു.)

ഫാ. ഓ........ എന്തൊരച്ചടക്കം. വിദ്യാർത്ഥികഠം 'ഡിസിപ്ലി'നാണു് ആദ്യം പഠിക്കേണ്ടതു്. (കസേരയിൽ ഇരിക്കുന്നു കാൽനീട്ടുന്നു. കല്ലുകൊട്ട മറിയുന്നു. കുട്ടി

കരം വാപൊത്തി ചിരിക്കുന്നു. ഫാദർ സഗൗരവം) അല്ല, എന്താണീകാണുന്നത്? ചവറുകൊട്ടയിൽ കല്ലിട്ടിരിക്കയോ? ഇതാരുടെ പണിയാണ്? (ചൂരൽ മേശമേൽ അടിക്കുന്നു) ആരാണിതു ചെയ്തതെന്ന്?.... എന്താ, ആരും മിണ്ടുന്നില്ലേ? ഞാൻ പോകുമ്പോൾ ഇതൊന്നും ഉണ്ടായിരുന്നില്ല. ഇപ്പോളിതെങ്ങനെ വന്നുവെന്നാണു ചോദിക്കുന്നത്? ങ് ഏ........?നിരത്തി തല്ലു കിട്ടിയാലേ, മതിയാവുകയുള്ളു. അല്ലേ?

ഡേ. അച്ചാ, ഇനിയും അതാ മറെറാന്ന്. ദാ ആ ബോർഡിൽ.

ഫാ. ക. (ദേഷ്യത്തോടേ നോക്കുന്നു.)നല്ല കാര്യം. ഞാൻ പോയപ്പോൾ ഇവിടെ ഒരു ചന്തയായിരുന്നുവല്ലേ? ഈ അധികപ്രസംഗത്തിന്നു മുതിന്നതു് ആരൊക്കെയാണെന്നറിയണം. ഉം, ഉടൻ പറയൂ........ ആക്കും നിശ്ചയമില്ലേ?

പീ. അച്ചാ, ഞാൻ പറയാം. സാവിയൊ ആണു് ഇതെല്ലാററിന്നും കാരണക്കാരൻ. ഞങ്ങൾ എത്ര പ്രാവശ്യം പറഞ്ഞതന്നോ? ഈവക 'കോപ്രാട്ടി'കളൊന്നും ചെയ്യരുതെന്നു്. എന്നിട്ടതൊന്നും കൂട്ടാക്കിയില്ല. പറയുന്തോറും ഞങ്ങളെ ചാടിക്കടിക്കാനാണു വരുന്നതു്.

ഫ്രാ. അതെ, ശരിയാണ്. എങ്ങനെയാണ് ഒരാളുടെ കുററം പറയുകയെന്നുവെച്ച് ഞങ്ങൾ പറയാതിരുന്നതാണ്.

ഫാ. ക. എന്തു്? സാവിയോ? (നോക്കുന്നു) ഈ ധിക്കാരത്തിന്നു മുതിന്നതു സാവിയൊ ആണെന്നോ? (സഗൗരവം) സാവിയൊ— സ്റ്റാൻറ് അപ്പ്.

(സാവിയോ എഴുന്നേല്ക്കുന്നു.)

ഫാ. ക. നീയാണോ ഈ വികൃതികളെല്ലാം കാണിച്ചതു്? ങ് ഏ? നേരു പറയൂ...........

(സാവിയൊ നിശ്ശബ്ദനായി നില്ക്കുന്നു)

പീ. അച്ചാ, അവൻ മിണ്ടാതിരിക്കുന്നതു കണ്ടോ?

ഡേ. 'മിണ്ടാപ്പൂച്ച കലമുടയ്ക്കു'മെന്നുള്ളതു ശരിയാണ്.

പോളി. 'പൂച്ചപ്പുണ്യാളൻ'...............

ഫാ. കു. (വടികൊണ്ടു ശബ്ദമുണ്ടാക്കി) സൈലൻസ്. നിങ്ങളോടതെല്ലാം ചോദിച്ചോ? കീപ്പ് സൈലൻസ്. സാവിയൊ, എന്താണുണ്ടായതു്? പറയൂ നേരുപറഞ്ഞേക്കു. നീയാണോ ഇതു ചെയ്തതു്? എന്താ ഒന്നും മിണ്ടാത്തതു്? (മററു കുട്ടികളോട് വിവരം ചോദിക്കുന്നു. അവർ സാവിയോയെ കുററപ്പെടുത്തുന്നു) സാവിയൊ, നീ ഇതു ചെയ്യുമെന്നു കരുതണോ? ഈ കുററത്തിന് ഉടൻ സ്കൂളിൽനിന്നു ബഹിഷ്കൃതനാകുവാൻ നീ അർഹനാണ്. പക്ഷേ, ഇതു് ആദ്യത്തെ കുററമായതു നിനക്കു നന്നായി. ശിക്ഷിക്കാതിരിക്കാനും വഴി കാണുന്നില്ല. അതിനാൽ ഇവിടെവന്നു മുട്ടുകുത്തി നില്ക്കു................
(സാവിയൊ മേശയ്ക്കുസമീപം മുട്ടുകുത്തി നില്ക്കുന്നു)
ടീച്ചർ ക്ലാസ്സിൽ ഇല്ലെങ്കിൽ എന്തും കാട്ടിക്കൂട്ടാം എന്നാണു നിങ്ങളുടെ ധാരണ. ശാന്തരായി അല്പനേരംപോലും ഇരിക്കുവാൻ സാധിക്കുകയില്ല. നിങ്ങൾ ഇക്കണക്കിനു ക്ലാസ്സിൽ ഗുരുനാഥന്മാരെ കയററുകയില്ലല്ലോ.(മണിയടിശബ്ദം കേൾക്കുന്നു.എല്ലാവരും പുസ്തകമെടുത്തു യാത്രയാകുന്നു.) സാവിയൊ, ഇവിടെ പതിനഞ്ചു മിനിട്ടു മുട്ടുകുത്തി നില്ക്കണം. എന്നിട്ടേ പോകാവൂ................

(എല്ലാവരും പോകുന്നു.)

കർട്ടൻ.

# രംഗം നാല്

[ജോൺബോസ്കോയുടെ ബംഗ്ലാവ്— ബോസ്കോ പത്രം വായിച്ചുകൊണ്ടിരിക്കുന്നു. ഫാ. കുശ്ലിയരോ പ്രവേശിക്കുന്നു.]

ഫാ. കു. (കൈകൂപ്പി) നമസ്കാരം!

ജോ. ബോ. (എഴുന്നേററ്) ഹോ........! ഫാ. കുശ്ലിയരോ! നമസ്കാരം. ഇരിക്കണം. (ഇരുവരും ഇരിക്കുന്നു)

ഫാ. കു. പിന്നെ എന്താ വിശേഷം................?

ജോ. ബോ. ഇവിടെയെല്ലാം എന്തു വിശേഷമുണ്ടാകാനാ.... കുറെ കുട്ടികളുമായി ഇങ്ങനെ ഒതുക്കത്തിൽ ജീവിക്കുക എന്നതിൽ കവിഞ്ഞ് എന്തു വിശേഷം...........

ഫാ. കു. (ചിരിച്ച്) ഹോ........ അതു പോരെന്നുണ്ടോ? ഏററവും വലിയ വിശേഷം ഇത്തരം ഇടങ്ങളിൽനിന്നാണു പ്രകാശിക്കുന്നത്. അല്ല, ഫാദർ, ഓററ്ററിയും സലേഷ്യൻ പ്രസ്ഥാനവുമെല്ലാം വിജയകരമായി മുന്നോട്ടു പോകുന്നുണ്ടല്ലോ?

ജോ. ബോ. ഓ........ ഹോ........ പരിശുദ്ധ കന്യകയുടെ സഹായത്താൽ അതിനൊരു കോട്ടവും ഇതേവരെ തട്ടിയിട്ടില്ല. പക്ഷേ, പണത്തിൻെറ കുറവുകൊണ്ട് അല്പം വിഷമതകളെല്ലാമുണ്ട്.

ഫാ. കു. ഓ, ആ കുറവുകൊണ്ട് ഒരു ക്ഷീണവും വരുവാൻ ന്യായമില്ല. ഉദ്ദേശ്യം നല്ലതാകുമ്പോൾ ഏതൊരു കാര്യ

വും വിജയിക്കും. പ്രത്യേകിച്ച് ആദ്ധ്യാത്മികമായ പുരോഗതി ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യമാകയാൽ ഒന്നുകൊണ്ടും ഭയപ്പെടേണ്ടതില്ല. അല്ല, ഇപ്പോൾ ഓററ്ററിയിൽ എത്ര കുട്ടികളുണ്ട്?............

ജോ. ബോ. നൂറോളം കുട്ടികളുണ്ട്. വരുമ്പോഴുള്ളതിനെക്കാൾ അവർ പതിന്മടങ്ങു സ്വഭാവത്തിലും പഠനത്തിലും നന്നായി വരുന്നു.

ഫാ. കു. ഫാദർ ഞങ്ങളുടെ സ്കൂളിൽ സാവിയൊ എന്നു പേരായി ഒരു കുട്ടിയുണ്ട്. എന്റെ ക്ലാസ്സിലാണു പഠിക്കുന്നതു്. അങ്ങു് അവനോടു സംസാരിച്ചാൽ അവൻ വേറൊരു അലോഷ്യസാണെന്നു് അങ്ങേയ്ക്കു മനസ്സിലാക്കുവാൻ കഴിയും.

ജോ. ബോ. (സവിസ്മയം) അങ്ങനെയോ! അപ്പോൾ ഇവിടത്തെ ഓററ്ററിയിലും അവനെപ്പോലെയുള്ള കുട്ടികൾ ഇല്ലെന്നാണോ അഭിപ്രായം?

ഫാ. കു. അതേ. സാവിയോയെപ്പോലെ സ്വഭാവപരിശുദ്ധിയോടുകൂടിയ ഒരു കുട്ടിയെ ഈ സമീപപ്രദേശങ്ങളിലെങ്ങാ കാണ്മാൻ പ്രയാസം. അതെനിക്കു ബോദ്ധ്യവുമാണു്. അവന്റെ നിഷ്കളങ്കതയെ പ്രദ്യോതിപ്പിക്കുന്ന ഒരു സംഭവത്തിൽനിന്നാണു് അതെനിക്കു കൂടുതൽ സുവിദിതമായതു്.

ജോ. ബോ. (ആശ്ചര്യം) ഉവ്വോ........ എന്താണതു്?

ഫാ. കു. രണ്ടുദിവസംമുമ്പു ഞാൻ ക്ലാസ്സിൽ ലെസ്സൻ എടുത്തശ്ശേഷം ഒരാവശ്യത്തിനു പുറത്തുപോകേണ്ടതായി വന്നു. എല്ലാവരോടും നിശ്ശബ്ദരായി ഇരുന്നു പഠിക്കാനേല്പിച്ചാണു പോയതു്. ആ തരംനോക്കി സാവിയൊ ഒഴിച്ചു മററു കുട്ടികൾ ഓരോരൊ ഒച്ചപ്പാടുകളും കൃത്രിമ

ങ്ങളും ഉണ്ടാക്കിത്തുടങ്ങി. ക്രുക്കുവിളി, പാട്ട്, ബെഞ്ചിലടി ഇതെല്ലാം അവരുടെ പയററുകളായിരുന്നു. ചവററുകൊട്ടയിൽ നിറയെ കല്ലും ഇട്ട് മേശയ്ക്കടിയിലുംവെച്ചു. സാവിയോമാത്രം, ഞാൻ പറഞ്ഞതനുസരിച്ചു വായിച്ചുകൊണ്ടിരുന്നു. ഞാൻ വരുമ്പോൾ എല്ലാവരും അനങ്ങാതിരിക്കുകയാണ്. ഇവരുടെ കുസൃതികൾ ഉടൻ എൻെറ ദൃഷ്ടിയിൽ പതിഞ്ഞു. ഇതിന്നു കാരണക്കാർ ആരെല്ലാമാണെന്ന് അരാഞ്ഞു; കുറെനേരത്തേക്ക് ആരും ഒന്നും മിണ്ടിയില്ല. ഒടുവിൽ ചില വില്ലന്മാർ പറഞ്ഞു: 'സാവിയൊ ആണു ചെയ്തതെന്ന്.' ഇതേപ്പററി സാവിയോടു ചോദിച്ചു. എത്ര ചോദിച്ചിട്ടും മറുപടി പറഞ്ഞില്ല. കുററവാളി "സാവിയോതന്നെ എന്ന തീരുമാനത്തിൽ അവനെ ശിക്ഷിച്ചു. എന്തു ചെയ്യാം. പിന്നീടാണു വാസ്തവം ഗ്രഹിച്ചത്.

ജോ. ബോ. ങ്ഹാ! അപ്പോൾ സാവിയൊ അല്ലായിരുന്നോ കുററം ചെയ്തത്?

ഫാ. കു. അല്ല.

ജോ. ബോ. നിർദ്ദോഷികളെ ദൈവം രക്ഷിക്കുന്നു.

ഫാ. കു. അതേ. അന്നു ക്ലാസ്സിലുണ്ടായ സംഭവമെല്ലാം പിന്നീടാണെനിക്കു മനസ്സിലാക്കാൻ സാധിച്ചത്. തെററു ചെയ്തവനെ കണ്ടുപിടിക്കാനും സാധിച്ചു. പിറേറദിവസം ഞാൻ സാവിയോടു നീ നിർദ്ദോഷിയെന്ന് എന്തുകൊണ്ട് എന്നോടു പറഞ്ഞില്ല എന്നു ചോദിച്ചപ്പോൾ ആ വിനീതബാലൻ പറയുകയാണ്, "യഥാർത്ഥ കുററക്കാരൻ മുമ്പേതന്നെ വിഷമസന്ധിയിലായിരുന്നതുകൊണ്ടു നിശ്ചയമായും അവനെ ബഹിഷ്കരിക്കുമായിരുന്നു; എന്നാൽ എനിക്കു പ്രതീക്ഷയുണ്ടായിരുന്നു എന്നോടു ക്ഷമിക്കുമെന്ന്. അതു് ആദ്യത്തെ ത

വണ ആയിരുന്നതുകൊണ്ടുതന്നെ. എന്നുതന്നെയല്ല, ഞാൻ നമ്മുടെ കർത്താവിനെപ്പററിയും ഓർത്തു. അവിടുന്ന് എങ്ങനെ തെററായ കുററാരോപണത്തിന്നിരയായിയെന്ന്." കുട്ടിയാണെങ്കിലും പ്രായത്തിൽ കവിഞ്ഞ ഒരറിവാണു സാവിയോയ്ക്കുള്ളതു്. ദൈവാനുഗ്രഹം കൊണ്ടുമാത്രമേ അങ്ങനെ സംഭവിക്കൂ...........

ജോ. ബോ. തീർച്ചയായും.

ഫാ. കു. അവനെ ശിക്ഷിച്ചതോർത്ത് എനിക്കുതന്നെ വളരെ വേദനയുണ്ടായി. സത്യസന്ധതയുടെ കെടാദീപമാണു സാവിയൊ.

ജോ. ബോ. ഫാദർ, ഒരു കാര്യം ചെയ്യുതരാമോ? ഞാൻ ഈ കുട്ടിയെ കണ്ടിട്ടില്ല. എനിക്കു സാവിയൊയെ ഒന്നു കാണണമെന്നുണ്ട്. എന്താണു മാർഗ്ഗം?

ഫാ. കു. അതിന്നെന്താ വിഷമം? ഞാൻ വിവരം അറിയിച്ചു സാവിയൊയെ ഇങ്ങോട്ടയയ്ക്കാം.

ജോ. ബോ. അതു വേണ്ട. വഴി കുറച്ചില്ലേ? ഒരു കാര്യം ചെയ്യാം. ഞാൻ എൻെറ ശിഷ്യന്മാരോടുകൂടി വിശ്രമാർത്ഥം മുരിയാൽഡോയിലേയ്ക്കു പോകുന്നുണ്ട്. ജപമാലമാതാവിൻെറ തിരുനാളിൽ അവനെ എൻെറ അടുക്കലേയ്ക്കു പറഞ്ഞയയ്ക്കുക.

ഫാ. കു. ശരി. അങ്ങനെതന്നെ. എന്നാൽ വരട്ടെ. (കൈകൂപ്പി പോകുന്നു).

കർട്ടൻ.

## രംഗം അഞ്ച്

[മുരിയാൾദോ ബംഗ്ലാവ്— ജോൺബോസ്കോ എഴുതിക്കൊണ്ടിരിക്കുന്നു. ചാറൽസും സാവിയോയും പ്രവേശിക്കുന്നു.]

സാ. ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ.

ജോ. ബോ. (ഉപചാരം ചെയ്തു്) വരൂ........ വരൂ........ നിങ്ങൾ എവിടെനിന്നാണു വരുന്നതു്?..............

സാ. ഞങ്ങൾ മോന്തോനിയോയിൽനിന്നാണു വരുന്നതു്. എന്റെ പേർ ഡോമിനിക്കു സാവിയൊ എന്നാണു്. എന്റെ അപ്പനാണിതു്. എന്നെപ്പററി ഫാ. കുഗ്ലിയരൊ അങ്ങയോടു പറഞ്ഞിട്ടുണ്ടായിരുന്നു.

ജോ. ബോ. വളരെ സന്തോഷം. ഇരിക്കൂ........ (ചാറൽസിനോട്) പേർ മനസ്സിലായില്ലല്ലോ...........

ചാ. (പുഞ്ചിരി) ചാറൽസ്. ഫാദർ കുഗ്ലിയരൊ ആണു വിവരം പറഞ്ഞതു്. മുരിയാൾദോയിൽ പോയാൽ അങ്ങയെ കാണാമെന്നും പറയുകയുണ്ടായി. അതു കേട്ടപ്പോഴേയ്ക്കും സാവിയോയ്ക്കു് ഇവിടെ വരുവാൻ തിടുക്കമായി.

ജോ. ബോ. നല്ല കാര്യം. ഫാ. കുഗ്ലിയരൊ ഇവിടെ വന്നപ്പോൾ സാവിയൊയെപ്പററി എന്നോടു പറയുകയുണ്ടായി. ശരി........, സാവിയോ, നീ എന്തൊക്കെ പഠിച്ചിട്ടുണ്ടു്.

സാ. ഇംഗ്ലീഷു്, ലാററിനും വായിക്കാനും എഴുതുവാനുമറി

യാം. വേദോപദേശവും പഠിക്കുന്നുണ്ട്. അച്ചാ, ബൈബിൾ മുഴുവൻ കാണാതെ പഠിക്കുവാൻ സാധിക്കുമോ?

ജോ. ബോ. ഓ, തീർച്ചയായും. നിനക്കങ്ങനെ പഠിക്കണമെന്നാഗ്രഹമുണ്ടോ?

സാ. ഉവ്വ്. പക്ഷേ, ക്ലാസ്സിലെ വിഷയങ്ങൾ പഠിച്ചുകഴിഞ്ഞു സമയം കിട്ടുന്നില്ല.

ചാ. നീന്തുവാൻ പഠിക്കുന്നേയുള്ളു. അപ്പോഴേക്കും അക്കര എത്തണമെന്നാണാഗ്രഹം.

ജോ. ബോ. അവന്റെ അഭിലാഷം നല്ലതുതന്നെ. ഉത്സാഹിച്ചാൽ നടക്കാത്തകാര്യം വല്ലതുമുണ്ടോ?

സാ. ബൈബിൾ എന്നും ഞാൻ വായിക്കുന്നുണ്ട്.

ജോ. ബോ. കൊള്ളാം. വായിക്കുമ്പോഴെല്ലാം വല്ലതും തോന്നാറുണ്ടോ?

സാ. പിന്നേ. ഞാനും ഈശോയോടുകൂടെ സഞ്ചരിക്കുന്നതായിട്ടു തോന്നും.

ജോ. ബോ. നീ അന്നുണ്ടായിരുന്നുവെങ്കിൽ എന്താണു ചെയ്യുമായിരുന്നതു്?

സാ. ഞാനോ? ഈശോയുടെ കയ്യും പിടിച്ച് എല്ലായിടത്തേയ്ക്കും പോകും. ഈശോയുടെ ആഗ്രഹമനുസരിച്ച് എല്ലാക്കാര്യങ്ങളും ചെയ്യും.

ജോ. ബോ. അങ്ങനെ ചെയ്യുവാൻ ഇന്നു് അസാദ്ധ്യമാണോ?

സാ. സാധിക്കുകയില്ലെന്നു ഞാൻ പറഞ്ഞില്ലല്ലോ, നിശ്ചയമായും സാദ്ധ്യമാണു്. അനുദിനം രാപകൽ സക്രാരിയിൽ എഴുന്നെള്ളിയിരിക്കുന്ന ഈശോയെ സൽക്കരിക്കുവാൻ സാധിക്കും. അച്ചാ, ലോകത്തിലുള്ള സകലരും ഈശോയെ അറിഞ്ഞു് ഒരു നല്ല ജീവിതം നയിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

ജോ. ബോ. അതെ, അങ്ങനെയാണു വേണ്ടിയിരുന്നത്. പക്ഷേ, അങ്ങനെ ആരും ചെയ്യുന്നില്ല. അതിനാൽ നാമോരോരുത്തരും മാതൃകാജീവിതം നയിക്കണം.

സാ. മാതൃകാജീവിതത്തിൻെറ അന്തരീക്ഷത്തിലാണു ഞങ്ങൾ ജീവിക്കുന്നത്. ഞാൻ പരിശ്രമിക്കുന്നുണ്ട്. അച്ഛാ, അങ്ങ് എന്നെപ്പററി എന്തു വിചാരിക്കുന്നു? അങ്ങയോടൊന്നിച്ച് എന്നെ ടൂറിനിലേയ്ക്കു കൊണ്ടുപോകുമോ?

ജോ. ബോ. ഉവ്വ്. നിന്നിൽ നല്ല തുണിയുണ്ടെന്നു ഞാനറിയുന്നു.

സാ. അച്ഛാ, നല്ല തുണിയോ? അതെന്തിനു കൊള്ളാം, അച്ഛാ................?

ജോ. ബോ. നമ്മുടെ കർത്താവിന് അഴകുള്ള ഒരുടുപ്പുണ്ടാക്കുന്നതിന്.

സാ. (ചിരിച്ച്) എന്നാൽ ഞാൻ തുണിയും അങ്ങ് തുന്നൽക്കാരനുമാണ്. എന്നെക്കൊണ്ടുപോവുക, കർത്താവിനു മനോഹരമായ ഒരുടുപ്പ് എന്നെക്കൊണ്ടു നെയ്യെടുക്കുക.

ജോ. ബോ. പക്ഷേ, വേറൊരു കാര്യം. പഠനക്കാര്യത്തിൽ നിൻെറ ആരോഗ്യസ്ഥിതി പ്രതിബന്ധമാകുമോ എന്നു ഞാൻ ഭയപ്പെടുന്നു.

സാ. അച്ഛാ, അങ്ങ് അതെപ്പററി ഭയപ്പെടേണ്ട. ഇതുവരെ ആരോഗ്യവും ശക്തിയും എനിക്കു തന്ന ദൈവം ഇനിയും തരാതിരിക്കുകയില്ല.

ജോ. ബോ. ആകട്ടെ. ഒന്നു ചോദിച്ചുകൊള്ളട്ടെ. നിൻെറ പഠനം പൂർത്തിയാകുമ്പോൾ എന്തു ചെയ്യാനാണ് ഉദ്ദേശ്യം?

സാ. ദൈവം അനുഗ്രഹിക്കുന്നെങ്കിൽ ഒരു വൈദികനാകുവാൻ ഞാൻ അഭിലഷിക്കുന്നു.

ജോ. ബോ. ഉദ്ദേശ്യമെല്ലാം നല്ലതുതന്നെ. പക്ഷേ വളരെ ബുദ്ധിമുട്ടുണ്ട്. എന്നാൽ ഒരു കാര്യം ചെയ്യാം. നീ പാഠങ്ങൾ എത്രവേഗം പഠിക്കുമെന്ന് എനിക്കൊന്നറിയണം. ആ കൊച്ചുപുസ്തകം എടുക്കുക (ഒരു ഇംഗ്ലീഷ്പുസ്തകം കാണിക്കുന്നു) ഈ പുറത്തുള്ള പോയട്രി മുഴുവൻ മനഃപാഠമാക്കുക. നാളെ അതു ചൊല്ലി കേൾപ്പിക്കണം. കൊള്ളാം. സാവിയോ, കുട്ടികളുടെകൂടെ പോയി കളിച്ചുകൊള്ളൂ. (സാവിയൊ പോയട്രി വായിച്ചു പഠിച്ചുകൊണ്ടുപോകുന്നു)

ചാ. അപ്പോൾ ഈ കുട്ടികളെല്ലാം............

ജോ. ബോ. ഓററ്ററിയിൽ ഉള്ളവരാണ്. വിശ്രമാർത്ഥം ഇവിടെ ഒന്നു വന്നുവെന്നേയുള്ളൂ. അല്ലാ, ജോലി എന്താണെന്നു മനസ്സിലായില്ലല്ലോ.

ചാ. എന്റെ ചെറുപ്പകാലംമുതല്ക്കു പരിശീലിച്ചുവന്നിട്ടുള്ള ഒരു ജോലിയാണ് ഇരുമ്പുവേല. ഇന്നും ആ ജോലിതന്നെയാണ്.

ജോ. ബോ. അതുകൊണ്ടു ജീവിക്കാനുള്ളതു കിട്ടുന്നുണ്ടോ?

ചാ. ഉള്ളതുകൊണ്ട് ഒരുവിധം ഞങ്ങൾ സംതൃപ്തരായി ജീവിക്കുന്നു. കഷ്ടപ്പാടിലൂടെ സാവിയേയും പഠിപ്പിക്കണം. ദൈവാനുഗ്രഹത്താൽ അതിന്നും ഇന്നേവരെ ഒരു കോട്ടവും തട്ടിയിട്ടില്ല.

ജോ. ബോ. മക്കളെ പഠിപ്പിക്കേണ്ടതും ആവശ്യമാണല്ലോ.

ചാ. അതേ, അവന്റെ അതിയായ ആഗ്രഹംകൊണ്ടാണു ഞാനതിനു ബുദ്ധിമുട്ടിയത്.

(സാവിയൊ പുഞ്ചിരിച്ചുകൊണ്ടു പ്രവേശിക്കുന്നു.)

സാ. അച്ഛാ, ഇപ്പോൾതന്നെ പോയടി ചൊല്ലണമോ? അങ്ങേയ്ക്ക് ഇഷ്ടമാണെങ്കിൽ ഇപ്പോൾത്തന്നെ മനഃപാഠം ചൊല്ലാം.

ജോ. ബോ. (സകൗതുകം) ഇത്രവേഗമോ? നല്ലപോലെ പഠിച്ചിട്ട നാളെ ചൊല്ലാം.

ചാ. അതേ, നീയൊന്നാശ്വസിക്കു.

സാ. അച്ഛാ, ഞാൻ നല്ലപോലെ പഠിച്ചിട്ടുണ്ട്.

ജോ. ബോ. ഇത്രക്ഷണം നീ അതു പഠിച്ചുവെന്നോ? ശരി, പുസ്തകം തരു........ചൊല്ലൂ. കേൾക്കട്ടെ. (സാവിയൊ ഇംഗ്ലീഷ് പദ്യം കാണാപ്പാഠം ചൊല്ലുന്നു)

ജോ. ബോ. (അത്യത്ഭുതം) വെരിഗുഡ്! മിടുക്കൻ! ശരി, നീ ഇത്രവേഗം പഠിച്ചതുകൊണ്ട് എൻെറ മറുപടിയും ഇപ്പോൾത്തന്നെ പറഞ്ഞേക്കാം. നീ എൻെറകൂടെ ടൂറിനിലേയ്ക്കു പോരുക. ദൈവതിരുമനസ്സു നിറവേററുന്നതിന്നു ദൈവത്തോടു പ്രാൎത്ഥിക്കുക. എന്തുപറയുന്നു, മി. ചാറൽസ്.

ചാ. സാവിയോയുടെ അനുഗ്രഹത്തിന്നു ഞങ്ങൾക്കു പ്രതിബന്ധമൊന്നുമില്ല. ദൈവം അനുഗ്രഹിക്കട്ടെ.

സാ. (സസന്തോഷം ബോസ്കോയുടെ കൈചുംബിക്കുന്നു.) വളരെ ഉപകാരം. ഫാദർ ഞാൻ പ്രാൎത്ഥിക്കുന്നതാണ്.

ജോ. ബോ. (ചാറൽസിനോട്) അപ്പോൾ ഈ ഡിസംബർ അവസാനത്തോടുകൂടി സാവ്യോയെ ചേൎക്കാം. ടൂറിനിലേയ്ക്കു വന്നാൽ മതി.

ചാ. ശരി.

സാ. പ്രിയ അച്ഛാ, എന്നെപ്പററി അങ്ങേയ്ക്കു പരാതിപ്പെടു

വാൻ ഒരു കാരണവും ഉണ്ടാകാതിരിക്കത്തക്കവണ്ണം ഞാൻ എപ്പോഴും നന്നായിത്തന്നെ പെരുമാറുവാൻ ശ്രമിച്ചുകൊള്ളാം.

ജോ. ബോ. കൊള്ളാം. അങ്ങനെയാകട്ടെ. ട്യൂറിനിൽ വരും......

ചാ. (കുപ്പുകൈ) എന്നാൽ ഞങ്ങൾ പോകട്ടെ.

ജോ. ബോ. ദൈവം അനുഗ്രഹിക്കട്ടെ.

(ചാറൽസും സാവിയോയും പോകുന്നു.)

കർട്ടൻ.

## രംഗം ആറ്

[ട്യൂറിൻ. ബോസ്കോയുടെ മുറി. അദ്ദേഹം വായിച്ചുകൊണ്ട് ഉലാത്തുന്നു. സാവിയൊ പിതാവിനോടുകൂടി പ്രവേശിക്കുന്നു.]

ചാറൽസ് & സാവിയൊ— (ഉപചാരപൂർവ്വം) ഈശോമിശിഹായ്ക്കു സ്തുതി.....................

ജോ. ബോ. ഇരിയ്ക്കു......... ഇരിയ്ക്കു.........എല്ലാം ഒരുങ്ങിവന്നിരിക്കുകയാണല്ലേ? (ബോസ്കോ അടുത്തുചെന്നു് സാവിയോയുടെ തോളിൽ പിടിക്കുന്നു)

ചാ. ഞങ്ങളുടെ സർവ്വസന്തോഷത്തിനും കാരണമായ സാവിയോയെക്കൂടാതെ ഇനിയെങ്ങനെയാണു ഞങ്ങൾ ജീവിക്കുക.

(മുറിയുടെ പ്രവേശനദ്വാരത്തിൽ വച്ചിരിക്കുന്ന ബോർഡിലെ എഴുത്തു സാവിയൊ വായിക്കുന്നു. ബോർഡിൽ "DA MIHI ANIMAS CETERA TOLLE"— എന്നെഴുതിയിരിക്കണം)

ജോ. ബോ. അതു സാരമില്ല. നാം ദൈവേഷ്ടം അനുസരിക്കുകയല്ലേ വേണ്ടതു്. സാവിയോയ്ക്കു ദൈവം തിരഞ്ഞെടുത്ത മാർഗ്ഗം ഇതാണെന്നു വിചാരിച്ചു സന്തോഷിക്കുക.

സാ. അച്ചാ, ആ ബോർഡിൽ എഴുതിയിരിക്കുന്നതു്............

ജോ. ബോ. ഉം........, എന്താണ്? ഒന്ന് വായിക്കൂ............ കേൾക്കട്ടെ.................

സാ. "ദാ മീഹി ആനിമാസ് ചേത്തര തൊള്ളേ." അങ്ങനെയല്ലേ?

ജോ. ബോ. (പുഞ്ചിരി) അതെ. നിനക്കതിൻെറ ആശയം മനസ്സിലായോ? 'ആത്മാക്കളെ എനിക്കു തരിക, ശേഷമെല്ലാം എടുത്തുകൊള്ളുക.' വി. ഫ്രാൻസിസ് സേവ്യറിന്ന് ഏററവും പ്രിയംകരമായിരുന്ന ഒരു വാക്യമാണതു്. മനുഷ്യൻെറ ആത്മാവിനാണ് ഏററവും വിലയുള്ളതു്. ഈ ആത്മാവിനെ ഈശോയ്ക്കു കൊടുക്കുവാൻ നാം സദാ സന്നദ്ധരായിരിക്കണം. എന്താ സാവിയോ?

സാ. (ആലോചിച്ച്) പ്രിയ അച്ചാ, അങ്ങ് സ്വർണ്ണനാണയങ്ങൾകൊണ്ടല്ലാ, ആത്മാക്കളെക്കൊണ്ടാണു വ്യാപാരം നടത്തുന്നതു്. എൻെറ ആത്മാവിനും അതിൻെറ പങ്കുണ്ടായിരിക്കണമെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

ജോ. ബോ. (സാവിയോയുടെ ചുമലിൽ കൈവച്ച്) നിൻെറ ആ പ്രതീക്ഷ എത്രയും വേഗത്തിൽ ഫലം പ്രാപിക്കുവാൻ സന്ദർഭം വന്നിരിക്കുന്നു, സാവിയോ.

ചാ. (എഴുന്നേററ്) ഞാനിനി താമസിക്കുന്നില്ല. പോകട്ടെ. ഇവനെ സംരക്ഷിക്കേണ്ട ഭാരം ഇനി അങ്ങയുടേതാണ്. അവനെ ഒരു നല്ല കുട്ടിയായി വളർത്തണമെന്നുമാത്രമേ എനിക്കങ്ങയോട് അപേക്ഷിക്കുവാനുള്ളു.

ജോ. ബോ. മി. ചാറൽസ് ഒന്നുകൊണ്ടും ഭയപ്പെടേണ്ട. ഇവിടത്തെ ശിക്ഷണത്തിൽ സാവിയൊ ഒരു വിശുദ്ധനായിത്തീരണം. അതിനുവേണ്ടി നമുക്കു പ്രത്യേകം പ്രാർത്ഥിക്കാം.

ചാ. പ്രിയ മകനേ, ഞാൻ പോകട്ടെ. അമ്മ ഇപ്പോഠം നിന്നെ വിചാരിച്ചു വ്യാകുലപ്പെടുകയായിരിക്കും. ബോസ്കോ അച്ചൻെറ നിർദ്ദേശങ്ങളും ഉപദേശങ്ങളും സസന്തോഷം സ്വീകരിച്ച് ഇവിടത്തെ ഓററ്ററിയിൽ ഒരു മാതൃകാവിദ്യാത്ഥിയായി നീ ജീവിക്കണം. കേട്ടോ. (സാവിയോയെ അച്ചൻെറ പക്കൽ ഏല്പിക്കുന്നു) എന്നാൽ ഞാൻ ഇറങ്ങട്ടെ.................

ജോ. ബോ. ദൈവം അനുഗ്രഹിക്കട്ടെ. (ചാറൽസ് പോകുന്നു)

സാവിയൊ, (ഇരിക്കുന്നു) അപ്പൻ പറഞ്ഞതുകേട്ടോ? ഒരു നല്ല കുട്ടിയായി ജീവിക്കണമെന്ന്.

സാ. ഓ, നിശ്ചയമായും, ആത്മാർത്ഥമായി ഞാൻ അതിനു വേണ്ടി പരിശ്രമിക്കും.

ജോ. ബോ. നാം ഓരോരുത്തരും വിശുദ്ധരായിത്തീരണം എന്നതാണു ദൈവത്തിൻെറ ആഗ്രഹം. ഈ ആഗ്രഹം നിറവേററേണ്ട ചുമതല നമ്മുടേതാണ്. മനസ്സിലായയൊ?

സാ. ഉവ്വ്.

ജോ. ബോ. അതിനെന്തുവേണം? ദൈവത്തിൻെറ പ്രമാണ ങ്ങൾ അനുസരിച്ചു ജീവിക്കുക. യാതൊരു പാപവും ചെയ്കയില്ലെന്നു പ്രതിജ്ഞചെയ്യുക. മാത്രമല്ല........

സാ. അച്ചാ, ഞാൻ ആദ്യകർബാന സ്വീകരിച്ചപ്പോൾ നാലുകാര്യങ്ങളാണു പ്രതിജ്ഞ ചെയ്തിട്ടുള്ളതു്. അതിലൊന്ന്, 'പാപത്തെക്കാൾ മരണം' എന്നാണു്. ഈ പ്രതിജ്ഞ ഇതുവരെക്കും ലംഘിച്ചിട്ടില്ല.

ജോ. ബോ. വളരെ നല്ലതു്. ഏതെല്ലാമാണു മററു പ്രതിജ്ഞകൾ?

സാ. ഞാൻ കൂടെക്കൂടെ കുമ്പസാരിക്കും, എൻെറ കുമ്പസാരക്കാരൻ അനുവദിക്കുന്നതനുസരിച്ചു വിശുദ്ധകർബാനസ്വീകരിക്കും. കടമുള്ള ദിവസങ്ങൾ ഞാൻ വിശുദ്ധമായി ആചരിക്കും. ഇവയാണു നാലു പ്രതിജ്ഞകൾ.

ജോ. ബോ. പ്രിയ കുഞ്ഞേ, നീയൊരു നല്ല കുഞ്ഞായി ഇവിടെ ജീവിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. ദുഷ്ടസഖാക്കളേയും അസഭ്യസംഭാഷണങ്ങളേയും പാടേ പരിത്യജിക്കണം. വി. അലോഷ്യസ് ഒരിക്കലും അനുചിതഭാഷണങ്ങളിൽ ഏർപ്പെട്ടിരുന്നില്ല. എല്ലാവരേയും അനുസരിക്കുവാൻ പഠിക്കുക. ഇവിടത്തെ ഓറട്ടറിജീവിതത്തിൽ അതു കൂടിയേ കഴിയൂ. പല നിയമങ്ങളും ഓറട്ടറിയിൽ കാണും. അവ സസന്തോഷം മടികൂടാതെ അനുഷ്ഠിക്കുന്നതായാൽ ഒരു വിശുദ്ധനാകുവാൻ നിശ്ചയമായും സാധിക്കും. നീ ഒരിക്കലും അന്യർക്കു പാപകാരണമാകാതെ സൂക്ഷിക്കണം. അതുപോലെതന്നെ കർത്തവ്യനിർവ്വഹണത്തിൽ ഔൽസുക്യവും പ്രാർത്ഥനയിൽ ശുഷ്കാന്തിയും, ധ്യാനത്തിൽ ശ്രദ്ധയും, പെരുമാററത്തിൽ സൗമ്യതയും പ്രദർശിപ്പിക്കേണ്ടതു് അത്യന്താപേക്ഷിതമാണു്. കൂടെക്കൂടെ കുമ്പസാരിച്ചു വി. കർ

ബാന സ്വീകരിക്കുകയും വേണം. ഓററ്ററിയിൽ പല കുട്ടികളുമുണ്ട്. ഒരിക്കലും യാതൊരു കുട്ടിയുമായി മു ഷിച്ചിലിന് ഇടവരരുത്, മറിച്ച് അംഗങ്ങൾ പരസ്നേ ഹപ്രവൃത്തികളിൽ ഉത്സാഹമുള്ളവരായിരിക്കുകയും ന്യൂ നതകൾ അന്യോന്യം ക്ഷമിക്കയും ചെയ്യണം. മനസ്സി ലായോ? സാവിയോ, ഞാനീപ്പറയുന്നതു നിൻെറ ഉൽ ക്കർഷത്തിനുവേണ്ടിമാത്രമാണ്. അങ്ങനെ നിർദ്ദേശി ക്കേണ്ടതു് എൻെറ ചുമതലയുമാണല്ലോ.

സാ. പ്രിയ അച്ചാ, അങ്ങയുടെ ഉപദേശം അനുസരിച്ചു ഞാൻ ജീവിച്ചുകൊള്ളാം. എനിക്കൊരാഗ്രഹമേയുള്ളു, ഒരു വിശുദ്ധനാകണമെന്ന്.

ജോ. ബോ. നിനക്കൊരു വിശുദ്ധനാകുവാൻ സാധിക്കും. പഠനത്തിലും കളിയിലും പെരുമാററത്തിലുമെല്ലാം ഭക്തജീവിതം നയിക്കുന്നതിനുവേണ്ടി നീ പൂർണ്ണമായി പരിശ്രമിക്കുക. (മണിയടിശബ്ദം കേൾക്കുന്നു) ധ്യാ നത്തിനുള്ള സമയമായി. നാളെമുതൽ സ്കൂളിൽ പോ കാം—കേട്ടോ. വരൂ........ധ്യാനത്തിനു പോകാം.

(രണ്ടുപേരും പോകുന്നു)

കർട്ടൻ.

## രംഗം ഏഴ്

[തെരുവീഥി. ഒരു മരുന്നുകച്ചവടക്കാരൻ വിനോദപ്രകടനങ്ങൾ കാണിച്ചു കായം വില്ക്കുന്നു. മററൊരാൾ മദ്ദളം കൊട്ടുന്നു. പെട്ടി, കുപ്പികൾ, ഗ്ലാസ് എന്നിവ നിരത്തിവച്ചിരിക്കുന്നു.]

കച്ചവടക്കാരൻ. ഹായ്........, ഒന്നു ശബ്ദത്തിൽ കൊട്ടണം........ (മദ്ദളക്കാരൻ കൊട്ടുന്നു) ങ്ആ........ ആ.... മതി, നിറുത്തണം. (ചുമച്ചു തൊണ്ട ശരിയാക്കി.....) മാന്യമഹാജനങ്ങളെ നമസ്കാരം. ഞങ്ങൾ ഇവിടെ വന്നിരിക്കുന്നതു ചില വിനോദങ്ങൾ പ്രകടിപ്പിക്കുവാനും അതോടൊന്നിച്ചു ചില പരമാർത്ഥങ്ങളുടെ രഹസ്യം പരസ്യമാക്കാനുമാണ്. എന്നാൽ വെറും വിനോദങ്ങൾ മാത്രമല്ല, പച്ചപ്പരമാർത്ഥങ്ങളും ഞങ്ങളുടെ പക്കലുണ്ട്. ആദ്യം ചില വിനോദങ്ങൾ പ്രകടിപ്പിച്ചു ശേഷം അനുഭവസാക്ഷ്യമുള്ള ചില മരുന്നുകൾ തരാം. എല്ലാവരും ഇരിക്കണം. ഉം........ ഉം........ ഇരിക്കണം........ (ഇരുത്തുന്നു) ഇരിക്കണം........ ആരും ശബ്ദിക്കരുത്. ങ്ആ! അളി............ (കൊട്ടുകുന്നു) ങ്ആ........ (അല്പം കഴിഞ്ഞു്) നിറുത്തണം............

മദ്ദളക്കാരൻ. സബാസ്. നിറുത്തിട്ടേൻ

കച്ച. (ഒരു മാങ്ങയണ്ടി എടുത്തു്) നോക്കണം........ ഇതെന്താണ്? ഇതെന്താണെന്നു് എല്ലാവരും നല്ലപോലെ നോക്കണം. (കാണിക്കുന്നു) എന്താണിതു്? മാങ്ങയണ്ടി.

വെറും മാങ്ങയണ്ടി. ഇതിനു ചില ശക്തിവിശേഷങ്ങളെല്ലാമുണ്ടു്. ഈ അണ്ടി കുഴിച്ചിട്ടാൽ മുളച്ചുവരുമെന്നു് ഏവർക്കുമറിയാം. എന്നാൽ, ഞാൻ കാണിക്കുന്നതു് അതല്ല. ഞാനീ അണ്ടി കുഴിച്ചിട്ടു് അഞ്ചുമിനിട്ടുകൊണ്ടു മുളപ്പിക്കുവാനാണു പോകുന്നതു്. ഇനി ഈ അണ്ടി മണ്ണിൽ കുഴിച്ചിടാൻപോകയാണു്. എല്ലാവരും നോക്കണം. ഇതാ അണ്ടി, എന്റെ കയ്യിൽ മറെറാന്നുംതന്നെയില്ല. വെറും ഈ അണ്ടിമാത്രം. ങ്ആ........! അടി....

മട്ട. ങ്ആ! അടിച്ചിട്ടേൻ(കൊട്ടുന്നു) അടടി, ചെണ്ടേ........ഡാം, അഡടി ചെണ്ടേടടാം, അഡടി ചെണ്ടേ ഡടാം,......

കച്ചു. (വലത്തിടുന്നു.) ഓടിവാടാ പടച്ചോറുണ്ണി, ഓടിവാടാ പടച്ചോറുണ്ണി; ഓടിച്ചാടി പറന്നുവാടാ........ അവുസേപ്പുണ്ണി, ഒററക്കണ്ണാ, ഇരുകണ്ണാ, മുക്കാലിക്കണ്ണാ, ഇരുതലമൂരി, ആരു്? നീയോ, ഉം, അല്ല ഞാനാ പോടാ, വാടാ, നോക്കടാ, ആരുടെ ശക്തി, എന്തൊരു ശക്തി, ആരുടെ യുക്തി, അങ്ങടെ യുക്തി, എന്നുടെ ശക്തി, ങ്ആ! ഡടി,...............

മട്ട. (അടിക്കുന്നു) അഡടി................

കച്ചു. ട ടി................

മട്ട. അഡടി................

കച്ചു. ഡടി, അഡടി, ഡടി അഡടി പ്ടും ട്ടും (അണ്ടി കുഴിച്ചിടുന്നു) അങ്ങനെ ആ മാങ്ങയണ്ടി കുഴിച്ചിട്ടു. ഇനി അഞ്ചു നിമിഷങ്ങൾക്കുള്ളിൽ അതു മുളച്ചുവരുന്നതു നിങ്ങൾക്കു കാണാം. ങ്ആ! നിറുത്തണം.

മട്ട. ഓ, നിറുത്തിട്ടേൻ................

കച്ചു. ശരി, അപ്പോഴേക്കും മറെറാന്നു കാണിക്കാം. ചില അഭ്യാസങ്ങൾ. ആരും ശബ്ദിക്കരുതു്. (രണ്ടു് ഇരു

മ്പുവളയം എടുക്കുന്നു) ഇതെന്താണ്? ഇരുമ്പുവളയം. ഈ ഇരുമ്പുവളയത്തെ എന്റെ ശരീരത്തിൽക്കൂടി പല വിധത്തിൽ കടത്തിവിടുന്നതു കാണിക്കാം. (അഭ്യാസം കാണിക്കുന്നു. ഇടയ്ക്കു് മദ്ദളം കൊട്ടുന്നു)

(സാവിയോയും മൂന്നു സഹവിദ്യാർത്ഥികളും— റാഫി, ആൽഫ്രഡ്, ബർണാർഡ്— പ്രവേശിക്കുന്നു.)

റാഫി— (സകൗതുകം) സാവിയോ, അതാ നോക്കു............ ഹായ്! എന്താണവിടെ ആൾത്തിരക്ക്............

ആൽഫ്രഡ്— ങ്ഏ! സക്കസുകാരനാ........അതാ, തമാശക ളെല്ലാം കാണിക്കുന്നു!

ബർണാർഡ്— ഒന്നു മിണ്ടാതിരിയെടാ. അതാ നോക്കു. ഇരു മ്പുവളയംകൊണ്ടു ഗുസ്തിയാണു കാണിക്കുന്നതു്.

റാഫി— നമുക്കു ഗുസ്തിയൊന്നു കണ്ടേച്ചു സ്കൂളിൽ പോകാം. സാവിയൊ വരൂ. വരൂ, സാവിയോ (കൈക്കുപിടിച്ചു വലിക്കുന്നു)

സാ. (മുഖം തിരിച്ചു്) ഉം, ഇല്ല. ഞാനില്ല. ഈ നേരത്താ ണോ ഇതെല്ലാം കാണുന്നതു്? നാം അങ്ങോട്ടു പോകു ന്നതു് ഒരിക്കലും നല്ലതല്ല.

റാഫി— പെട്ടെന്നു മടങ്ങിപ്പോരാം സാവിയോ.................

സാ. വേണ്ട. നമ്മുടെ ഇപ്പോഴത്തെ ചുമതല സ്കൂളിൽ പോ കുകയാണ്. വഴിയിൽ കാഴ്ചകണ്ടു നില്ക്കുകയല്ല. പഠ നത്തിനു വിഘാതമായ എല്ലാം നാം പാടേ പരിത്യജി ക്കണം. നമ്മുടെ ചുമതല നിറവേററാതെ നടക്കുന്നതു ദൈവത്തിനും മേലധികാരികൾക്കും ഇഷ്ടമല്ല. അതു കൊണ്ടു വിനോദപ്രകടനങ്ങളെല്ലാം അവിടെ നടന്നു കൊള്ളട്ടെ. വരൂ. നമുക്കു സ്കൂളിൽ പോകാം (സാവി യോടുകൂടി മററു മൂന്നുപേരും പോകുന്നു)

കച്ച. (ഗ്രസ്റ്റിക്കുശേഷം) ങ്ആ! നിറുത്തട്ടെ..........

മട്ട. നി........റു........ത്തി........ട്ടേ........ൻ.

കച്ച. ഇരിക്കണം, ഇരിക്കണം. ഇനി ആ മാവിൻതയ്യിൻെറ കാര്യമാണ് ഏവരും പ്രതീക്ഷിച്ചു നില്ക്കുന്നത്. ശരി. ഇരിക്കണം. ശബ്ദിക്കരുത്. (കായം എടുക്കുന്നു) ഓ...., ശ്രീ. ശ്രീമതി, മിസ് മിസ്ടസ്, എല്ലാവിധ മഹാമാന്യമഹതീമഹാപുംഗവന്മാരേ! നിങ്ങൾക്കു മഹാവണക്കം. ഇതാ നോക്കു........ ഒരു പ്രത്യേക മെഡിസിൻ. സൗജന്യമായി നല്കാനുള്ള ഒരൊററമൂലിക. ഇതിൻെറ പ്രസിദ്ധമായ പ്രചാരത്തിനുവേണ്ടി ഓരോ കഷണങ്ങൾ സകലക്കും സൗജന്യമായി കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഇംഗ്ലണ്ട്, അമേരിക്ക, റഷ്യ, ഫ്രാൻസ്, ഇററലി, ഇന്ത്യ, ബർമ്മ, സിലോൺ തുടങ്ങിയ നിരവധി രാജ്യങ്ങളിൽ പോയി എല്ലാവരുടേയും സംതൃപ്തിക്കും സന്തുഷ്ടിക്കും കാരണഭൂതമായിത്തീർന്നിട്ടുള്ള ഒരു മരുന്നാണിത്. എന്താണിതിൻെറ പേർ. കായം. വെറും കായമാണോ? അല്ല. അറബി പാൽക്കായം. പീടികകളിൽ കാണുന്ന ശക്കരക്കായമല്ല ഇത്. അതുപോലെതന്നെ മററു ഉത്തമമരുന്നുകളും ഉണ്ട്. ദേഹത്തിലേ ചൂടു പിന്നേയും പിന്നേയും വർദ്ധിക്കാതിരിക്കുന്നതിനുവേണ്ടി എരുവ്, പുളി, ഉപ്പ് എന്നീ രസങ്ങളുള്ളവയും, ഉഷ്ണവീര്യമുള്ളവയുമായ ചുക്ക്, കുരുമുക്, തിപ്പലി, ജീരകം, മാങ്ങ, നാരങ്ങ, വാഴപ്പഴം, ശർക്കര, മോരു്, തൈരു്, മത്സ്യം, മുട്ട, അരിഷ്ടം, മദ്യം മതലായ ദ്രവ്യങ്ങളേയും ശരീരംകൊണ്ടും മനസ്സുകൊണ്ടുമുള്ള അദ്ധ്വാനം, പുകവലി, പൊടിവലി, മുറുക്കൽ, ഉറക്കമൊഴിക്കൽ, വെയിൽകൊള്ളൽ മുതലായ കർമ്മങ്ങളേയും ഒഴിവാക്കുകയും അമിതമായിത്തീർന്ന ചൂടിനെ ശമിപ്പിച്ചു കഫത്തേയും, ധാതുക്ക

ളേയും ഉരുകാതെയും ദുഷിപ്പിക്കാതെയും യഥാസ്ഥാനങ്ങ
ളിൽ നിലനിർത്തുന്നതിനും ദുഷിപ്പിച്ചിട്ടുള്ളവയെ ശുദ്ധീ
കരിക്കുന്നതിനും, ജഠരാഗ്നിയെ വർദ്ധിപ്പിക്കുന്നതിനും
കഴിവുള്ള ഒരു ഔഷധമാണ് ഈ ആസവം. ഒച്ചയടപ്പ്,
നെഞ്ചുവേദന, പനി, ശ്വാസംമുട്ടൽ, മൂക്കടപ്പ്, തല
വേദന, കഴുത്തു കഴപ്പ്, പല്ലുവേദന, ക്ഷയം, ഏങ്ങൽ
തുടങ്ങിയ നാനാവിധ രോഗങ്ങൾക്കും ശമനം വരുത്തു
ന്ന ഒന്നാണ് ഈ തൈലം. ഈ ശുദ്ധമായ അറബി
പാൽക്കായമാകട്ടെ, വയറുവേദന തുടങ്ങിയ രോഗങ്ങൾ
ക്കും, ആരോഗ്യസമ്പൽസമൃദ്ധിക്കും ഏററം പററിയ
താണെന്നാണ് അനുഭവസാക്ഷ്യം. ഈ കായം എല്ലാ
വീട്ടുകളിലും സൂക്ഷിക്കേണ്ടതത്യാവശ്യമാണ്. ഇതി
ന്റെ ഗുണവിശേഷങ്ങൾ അറിയണമെങ്കിൽ കാണി
ക്കാം. വയററിൽ വേദനയുള്ള ആക്കെങ്കിലും മുന്നോട്ടു
വരാം. ആരുണ്ട്? ഉം........, ആരുണ്ട്? വരണം. നി
ങ്ങൾക്കുണ്ടോ? ശരി........ വരു...........ഉം, (ഒരാൾ വ
രുന്നു. കായം ഗ്ലാസ്സിൽ കലക്കുന്നു) ഇതാ നോക്കു
ണം. പാൽവണ്ണം. ഇതിൽനിന്ന് അല്പം സേവിക്കൂ.
ഉം കുടിക്കണം. (കുടിക്കുന്നു) ഈ അറബി പാൽ
ക്കായം എന്റെ പക്കൽ അധികമൊന്നുമില്ല. വെറും
50 പാക്കററുമാത്രം. ഈ പാക്കററ് എല്ലാവക്കും സൗജ
ന്യമായി കൊടുക്കണമെന്നുണ്ട്. പക്ഷേ ആവശ്യക്കാരും
അവശ്യമില്ലാത്തവരും അധികമുള്ളതിനാൽ പാക്കററൊ
ന്നിനു 2ണ വില വെച്ചിരിക്കയാണ്. 2ണമാത്രം. എ
ങ്ങനെ ഇരിക്കുന്നു വേദന? മാറിയോ? പറയണം? തുറ
ന്നുപറയൂ. (വേദന മാറിയെന്നു പറയുന്നു) ഇതാണനുഭ
വസാക്ഷ്യം. ഇതിൽ ഒരു കാപട്യമില്ല. ചതി ഇല്ല. 2ണ
കൊടുത്ത് ആക്കും വാങ്ങാം! ആക്കുവേണം? ആക്കുവേ
ണം? (മൂന്നുനാലുപേർ വാങ്ങുന്നു. ഇതരർ പിന്മാറുന്നു.
കാണികൾ പോകുന്നു)

കച്ച. (നൈരാശ്യത്തോടേ പണം നോക്കി) എ.........ട്ട.........
ണ— തൊണ്ണകാറിയിട്ട കിട്ടിയതാ.................

മള. (എഴുന്നേററ്) രക്ഷ.........യി.........ല്ല.........വൈദ്യരേ....

കർട്ടൻ.

## രംഗം എട്ട്

[സാവിയൊയും ബേബിയും വിനോദങ്ങളിൽ]

സാ. (ബലൂൺ വീർപ്പിച്ചു കെട്ടിയതിനുശേഷം) ബേബീ....,
ഇതു നമുക്ക പറപ്പിക്കാം.................

ബേബി. ങ്ആ! പറപ്പിക്കാം.
സാ. ബേബീ, ഞാനൊരു കാര്യം പറയട്ടെ. ഈ ബലൂണുണ്ട
ല്ലോ— ഇതൊരു പാപലോകമാണ്.
ബേ. എന്തു്! ബലൂൺ പാപലോകമോ?

സാ. അതല്ല ബേബീ, ഉദാഹരണത്തിനുവേണ്ടി ഞാനങ്ങ
നെ പറഞ്ഞതാണ്. കേൾക്കൂ. ഈ ബലൂൺ ഒരു പാപ
ലോകമാണെന്നു വിചാരിക്കുക. എന്നിട്ട് ഇതു പറപ്പി
ക്കുക. പറപ്പിച്ചതിനുശേഷം ഈ ബലൂൺ പിടിച്ചടക്കു
വാൻ, പരാജയപ്പെടുത്തുവാൻ പററുമോയെന്നു നോ
ക്കുക.

ബേ. എന്തിനാ ഇങ്ങനെ ചെയ്യുന്നതു്?

സാ. പറഞ്ഞുതരാം. ഒരു കാര്യം പരീക്ഷിച്ചു പഠിക്കുവാനാണ്. ങ്ഏ...............

ബേ. അങ്ങനെതന്നെ. സാവിയോ ഞാൻ പറപ്പിക്കാം.

സാ. (ബലൂൺ കൊടുക്കുന്നു) ഇതാ പറപ്പിച്ചോളൂ.

(ബേബി മുകളിലേയ്ക്ക് എറിയുന്നു, രണ്ടുപേരും ബലൂൺ പിടിക്കാനുത്സാഹിക്കുന്നു. ഒടുവിൽ ബലൂൺ പൊട്ടുന്നു)

സാ. (കൈകൊട്ടിച്ചിരിച്ച്) ബേഷ്...ബേഷ്.......അങ്ങനെതന്നെ വേണം. ഇപ്പോളാരാണു ജയിച്ചേ...............

ബേ. സാവിയോ, നീ പിടിച്ചുവലിച്ചുകാരണമല്ലേ പൊട്ടിയതു്? എത്ര നല്ല ബലൂണായിരുന്നു.

സാ. ബേബീ, അതല്ലേ ഞാൻ മുമ്പു പറഞ്ഞതു്. അതു പാപലോകമാണെന്നു്. അതു പാപലോകമാണെന്നു പറഞ്ഞതു് ഓർമ്മയില്ലേ? എന്താണെന്നോ അതിൻെറ അർത്ഥം. പറഞ്ഞുതരാം. ആ പാപലോകമാകുന്ന ബലൂൺ നമ്മെ വ്യാമോഹിപ്പിച്ചു പറക്കുകയായിരുന്നു. എന്നാൽ നമ്മുടെ പരിശ്രമംമൂലം ആ പാപലോകത്തെ നാം തകർത്തുകളഞ്ഞു. ഇങ്ങനെതന്നെ പാപത്തേയും നാം സ്വന്തപരിശ്രമത്താൽ നശിപ്പിക്കണം.

ബേ. നിൻെറ പാപബലൂണും, മണ്ണാങ്കട്ടേം. മതി, മതി. സാവിയോ, എൻെറ പക്കൽ ഗോലിക്കായുമുണ്ടു്. നമുക്കു കളിക്കാം.

സാ. ഉം, നിൻെറ ഇഷ്ടംപോലെ...........

(രണ്ടുപേരും ഗോലി കളിക്കുന്നു.)

ങ്ആ.........! ഒരു ഗ്രണീസ്! ബേബീ, ഒരു കാര്യം

പറയാൻ വിട്ടുപോയി. ഇപ്പഴേ ഓർമ്മവന്നുള്ളു.

ബേ. എന്താ പറേണം.

സാ. അതിനു വേറൊരു കാര്യം. പറഞ്ഞാൽ ബേബി കേൾക്കുമോ?

ബേ. എന്താ സാവിയൊ പറയുന്നതു്? പറഞ്ഞതു കേൾക്കാതിരിക്കാൻ ഞാൻ ചെകിടനാണോ..................

സാ. എന്റെ ബേബീ, അതല്ല പറയുന്നതു്. ഞാൻ പറയുന്നതനുസരിച്ചു സമ്മതിക്കുമോ?

ബേ. ഏന്താണു പറയൂ?

സാ. പറഞ്ഞാൽ അതെനിക്കു നീ ചെയ്തുതരണം.

ബേ. പറയൂ സാവിയൊ. ഞാനിതുവരെ പെരുമാറിയിട്ടു സാവിയൊ പറഞ്ഞ വല്ല കാര്യവും സമ്മതിക്കാതിരുന്നിട്ടുണ്ടോ? എന്തുതന്നെയായാലും സമ്മതിക്കാം തീർച്ചം

സാ. ഉറപ്പില്ലേ?

ബേ. പിന്നേയും സാവിയൊ അതുതന്നെ പറയും. ഞാനെത്ര പ്രാവശ്യം പറയണം. തീർച്ച, തീർച്ച, തീർച്ച—പോരേ.................

സാ. മതി, മതി. ഞാൻ പറയാം. ഒരു കാര്യം ചെയ്യണം. അടുത്ത ശനിയാഴ്ച നമുക്കൊരുമിച്ചു കുമ്പസാരിക്കാൻ പോകണം. ഇതെന്റെ ആഗ്രഹമാണു്. അതു ബേബി സാധിച്ചുതരണം. നമുക്കൊരുമിച്ചു പോകാം.

ബേ. (നിക്ഷേധം) ഹാ........ വൃ........ ഇതാണോ........ ഇതു കാര്യമായി പറയാൻ കണ്ടതു്. ഈ സമയത്തേ കണ്ടുള്ളു, പറയാൻ. ഞാനിതു് എന്താണെന്നു വിചാരിച്ചു.

നാം ഗോലി കളിക്കുകയല്ലേ? അതു കഴിഞ്ഞിട്ട് ആലോചിക്കാം.

സാ. ബേബീ, അങ്ങനെ പറയരുത്. ഞാനെത്ര ആഗ്രഹിച്ചിരിക്കുന്ന ഒരു കാര്യമാണെന്നോ?

ബേ. സാവിയൊ, അതു പിന്നെയാകാം. ഈ ശനിയാഴ്ചതന്നെ വേണമെന്ന് എന്താ ഇത്ര നിർബന്ധം?

സാ. ഈ ശനിയാഴ്ചയാണു നല്ല ദിവസം. ബേബി നീ അതിനു സമ്മതിക്കണം.

ബേ. സാവിയൊ, വാസ്തവം പറയുകയാണെങ്കിൽ ഞാൻ കുമ്പസാരിച്ചിട്ടു രണ്ടരവർഷം കഴിഞ്ഞു. തെറ്റുകളും കുററങ്ങളും ഏതെല്ലാമാണെന്നുതന്നെ എനിക്കിപ്പോഴം അറിഞ്ഞുകൂടാ. ഇനി അതൊക്കെ ആലോചിച്ചുപിടിച്ചു വന്നിട്ടൊക്കെ വേണ്ട........

സാ. അതിനൊന്നും വിഷമമില്ലെന്നേ. നമുക്കതിനു സന്മനസ്സുണ്ടാകുകയേ വേണ്ടൂ. കുമ്പസാരിക്കാമെന്നങ്ങു തീരുമാനിക്കൂ. നേരത്തേ എന്നോടു പ്രതിജ്ഞ ചെയ്തിട്ടുമുണ്ടല്ലോ സമ്മതിക്കാമെന്ന്.

ബേ. (ആലോചിച്ച്, തല മാന്തി) ഇതെന്തൊരു പുലിവാല്. സാവിയോടു ഞാനെങ്ങനെയാണ് എതിരു പറയുക. ആദ്യം സമ്മതിച്ചും കഴിഞ്ഞു. (ആലോചിച്ച്) ഹോ— എന്തൊരു ബുദ്ധിമുട്ട്.

സാ. സാരമില്ലെന്നേ. അതു കഴിഞ്ഞാൽ ഈ ഭാരമെല്ലാം തീരും. ഇത്രയൊക്കെ ആലോചിച്ചാലോ? ഭാരം വഹിക്കുന്നവർ ഈശോയുടെ സമീപം ചെന്നാൽ ആശ്വസിപ്പിക്കാമെന്നല്ലേ പറഞ്ഞിട്ടുള്ളതു്. ബേബീ, നമ്മൾ ആദ്യം പാപബലൂൺ പൊട്ടിച്ചില്ലേ? അതുപോലെ നമ്മു

ടെ പാപങ്ങളും ഈ ശനിയാഴ്ച പൊട്ടിച്ച് ഇല്ലാതാക്കണം. എന്താ സമ്മതിക്കു ബേബീ............

ബേ. (നെടുവീർപ്പ്) ഉം........,ശരി. എന്നാൽ അങ്ങനെ തന്നെ.

സാ. തീർച്ചയല്ലേ?

ബേ. അതേ. തീർച്ചതന്നെ. ഞാൻ സാവിയോയുടെകൂടെ ഈ ശനിയാഴ്ച വന്നേക്കാം. ഇനി കളി ആരംഭിക്കുതോ?

സാ. (ചിരിച്ച്) ഓ........ ഓ........ റെഡി; റെഡി. (കളി തുടരുന്നു) നമുക്കൊരുമിച്ചു പോകണം—ട്ടോ?

ബേ. (കളിക്കുമ്പോൾ) സമ്മതിച്ചുന്നേ..... (കളിക്കുന്നു) (കളി അവസാനിച്ചശേഷം) ഇനി മതിയാക്കാം.

സാ. ശരി. (പോകുമ്പോൾ) പറഞ്ഞതോർമ്മയുണ്ടല്ലോ.

ബേ. ഓ, വന്നേക്കാം.

(രണ്ടുപേരും പോകുന്നു)

കർട്ടൻ.

# രംഗം ഒമ്പതു്

[സ്കൂൾ— 'ഇൻററർ വെൽ.' ക്ലാസ്സിൽ കുട്ടികൾ മേശമേലും, ബെഞ്ചിന്മേലും മററും ഇരുന്നു സംഭാഷിക്കുന്നു]

ജോർജ്ജ്. (ഡസ്കിൽ അടിച്ച ശബ്ദമുണ്ടാക്കുന്നു) ശ്ശൂ........ട്ടെ. മാഷ് പോയീ........ ടാ........ ഉം, അടിയെടാ, അടി........ (ചിലർ ശബ്ദമുണ്ടാക്കുന്നു. ചിലർ സിഗരററ് വലിക്കുന്നു. പൊടി വലിക്കുന്നു)

ലൂയീസ്. ശ്ശൂ........ സൈലൻസ് പ്ളീസ്. ഇതെന്തു കുട്ടികളാണപ്പായിതു്. ഉം, മിണ്ടാതിരി. മിസ്റ്റർ മാത്യു ഇവിടെ വരൂ. നമുക്ക് ഒരു കാര്യം ചെയ്യണം?

മാത്യു. ഉം, എന്താ?

ലൂ. നാം കുറെയൊക്കെ പറഞ്ഞുനോക്കിയല്ലോ. ഇനി പററുകയില്ല. അടുത്തയാഴ്ച്ചയാണു നമ്മുടെ ക്ലാസ് എക്സാമിനേഷൻ.

അൻറണി. അതേ, മാഷ്പറഞ്ഞു.

ലൂ. ഡിയർ ഫ്രൻഡ്, ഒരു കാര്യം നാം മനസ്സിലാക്കണം. മാഷ് അങ്ങനെ പറഞ്ഞുവെന്നു കരുതി നാം അതിനൊപ്പിച്ചു തുള്ളാൻ നടക്കുകയാണോ? നാമിവിടെ വന്നിരിക്കുന്നതു് അറിയാത്ത കാര്യങ്ങൾ പഠിക്കാനാണല്ലോ. അതു് ആരാണു പഠിപ്പിക്കേണ്ടവർ?

മാ. മാസ്റ്റർമാർ.

ലൂ. അതേ, മാസ്റ്റർമാർ. എന്നാൽ അവർ പഠിപ്പിക്കാതിരു

ന്നാൽ എങ്ങനെ നാം പഠിക്കും? ക്ലാസ്സിൽ ഒരു വിഷയവും ചൊവ്വേ എടുത്തിട്ടില്ല.

ജോ. അതു ശരിയാ........ ടീച്ചർമാരുവന്നാൽപ്പിന്നെ രാഷ്ട്രീയപ്രശ്നങ്ങളും നാട്ടുവിശേഷങ്ങളും മാത്രമേയുള്ളൂ. അതിന്നിടയിൽ ഒരുറക്കവും കഴിക്കണം.

ആൻറ. നമ്മുടെ ഇംഗ്ലീഷ് പഠിപ്പിക്കുന്ന ടീച്ചർക്കു കുന്നിക്കണ നോവൽസ് വായിച്ചിരിക്കാനേ നേരമുള്ളൂ. അതു കഴിഞ്ഞാൽ അടിയും പെടയും. ഇതെന്തൊരു സ്കൂളാണപ്പാ ഇതു്?

ലൂ. അതാണു ഞാൻ പറയുന്നതു്. ഒന്നാലോചിച്ചുനോക്കൂ. ഇത്തരം അഭിനയങ്ങളാണ് എല്ലാ ദിവസവും എന്നിട്ടു തോന്നിയതാണ് അടുത്തയാഴ്ചയിലേ പരീക്ഷ. ആരാണാവോ എഴുതുന്നതു്. ഒരു ചുക്കും പഠിപ്പിക്കാതെ എന്തിനാണ് ഈ പരീക്ഷയെന്നാണു ഞാൻ ചോദിക്കുന്നതു്?

മാ. സംഗതി ശരിയാണ്. പക്ഷേ..............

ലൂ. പക്ഷേ........ എന്തിനാണു നാം ഭയപ്പെടുന്നതു്? നാം മാസം മാസം ഫീസുകൊടുത്തിട്ടാണ് ഇവിടെ ഇരിക്കുന്നതു്. അല്ലാതെ അവരുടേയും ഗവമ്മേണ്ടിൻേറയും ഔദാര്യമൊന്നുമല്ല.

ജോ. (ചിരിച്ചു്) മാഷ്മാക്കു ശമ്പളം റെഡിയായി കിട്ടുകയേ വേണ്ടൂ. നമുക്കതു പോരല്ലോ. പഠിക്കണമെങ്കി....പഠിച്ചോട്ടെ. ജയിക്കണമെങ്കീ ജയിച്ചോട്ടെ. നമുക്കെന്തു കാര്യം എന്നാണ് ഈ അദ്ധ്യാപകന്മാരുടെ ധാരണ.

ലൂ. അതേ. ശരിയാണ്. നമുക്കൊരു കാര്യംവേണം. എല്ലാവരും മാഷ് ഇവിടെ വരുമ്പോൾ, പരീക്ഷ ഇപ്പോൾ ന

ടത്തേണ്ടെന്നു പറയണം. മൂന്നാലുമാസത്തിനുശേഷം മതിയെന്നറിയിക്കുക. എന്താ.........?

ആൻറ. പക്ഷേ, മാഷ് സമ്മതിച്ചില്ലെങ്കിലോ............

ലൂ. ങ് ആ. സമ്മതിച്ചില്ലെങ്കിൽ ഭയപ്പെടാനൊന്നുമില്ല. പരീക്ഷാബഹിഷ് കരണംതന്നെ. അതാണതിനുള്ള മറുമരുന്നു്.

മാ. (ചിരിച്ചു്) യേസ്, യേസ്. ബേഷ്........ പരീക്ഷാബഹിഷ് കരണംതന്നെ. പരീക്ഷാബഹിഷ് കരണം സിന്താബാദ്!

(ഇതരർ ഏററുപറയുന്നു. സാവിയോ പ്രവേശിക്കുന്നു)

സാ. (പുഞ്ചിരി) ഇതെന്താണിവിടെ? ജയഭേരി മുഴങ്ങുന്നുണ്ടല്ലോ! ചന്തയിൽപ്പോലും കാണാത്ത ഈ ബഹളം? നിങ്ങൾ ഇത്രയും സംസ് കാരശൂന്യമായ ഒരു പ്രവൃത്തി ചെയ്യുന്നുണ്ടല്ലോ? കഷ്ടം. മാഷ് ഇതു കണ്ടുവെന്നാൽ എന്തായിരിക്കും?

ആൻറ. (ചിരിച്ചു്) ഉം.........മി. സാവിയൊ. വരണം. വരണം. ഞങ്ങൾ ഒരു കാര്യം തീരുമാനിച്ചിരിക്കയാണു്.

സാ. എന്താ?

ലൂ. ഞങ്ങൾ തീരുമാനിച്ചു. സാവിയൊകൂടി സഹകരിക്കണം.

സാ. പറയൂ. കാര്യം അറിയട്ടെ.

ലൂ. അടുത്തയാഴ്ചയിലാണല്ലോ പരീക്ഷ. നാം എന്തു വിചാരിച്ചാണു് ഈ പരീക്ഷയ്ക്കു് എഴുതുന്നതു്?

സാ. പഠിപ്പിച്ചുതന്ന വിഷയങ്ങൾ നാം നല്ലപോലെ ഇരുന്നു പഠിച്ചതിനുശേഷം എഴുതുക. അതിനെന്താ ഇത്ര ബുദ്ധിമുട്ടു്?

ലൂ. അതല്ല ഞാൻ പറയുന്നതു്.

സാ. പിന്നെന്താ?

ലൂ. ഞാൻ ചോദിക്കട്ടെ. നമുക്കു പഠിപ്പിച്ചുതന്നിട്ടുള്ളതു് എന്താണു്? സ്കൂൾ തുറന്നിട്ടു് ഇത്ര നാളായിട്ടും എന്താണു് ഈ മാസ്റ്റർമാർ പഠിപ്പിച്ചിട്ടുള്ളതു്? അവർക്കു ശരിക്കു ശമ്പളം കിട്ടണം. കിട്ടിയില്ലെങ്കിൽ ചാടുന്നതു കാണാമല്ലോ. പഠിപ്പിക്കുകയൊന്നും വേണ്ട. ഒരു കസത്തുകഴിച്ചു സ്കൂൾ വിടുന്നതിനുമുമ്പേ പോവുകയും വേണം. എന്നിട്ടു നാം എന്താണു് ഈ പരീക്ഷക്കു് എഴുതുന്നതു്. നാം ഒത്തുചേർന്നു് ഈ പരീക്ഷയെ പ്രൊട്ടസ്റ്റു് ചെയ്യണം. പരീക്ഷയെല്ലാം കുറെ കഴിഞ്ഞിട്ടു മതി.

സാ. കഷ്ടം. നിങ്ങൾക്കു് ഇങ്ങനെ തോന്നുന്നുണ്ടല്ലോ. ഈ ധിക്കാരത്തിനു മുതിർന്നാൽ നിഷ്ഫലവും അധഃപതനവുമാണെന്നറിയുക. വിദ്വേഷംനിറഞ്ഞ ഈ പുറപ്പാടു നമുക്കൊരിക്കലും നല്ലതല്ല.

മാ. (ചിരിച്ചുകൊണ്ടു്) പിന്നേ. ഒരിക്കലും നന്നല്ല. നാം മനുഷ്യരല്ലേ? നമുക്കും ചില സ്വാതന്ത്ര്യമെല്ലാം വേണ്ടേ....

സാ. സ്വാതന്ത്ര്യം വേണം. പക്ഷേ, ഒരതിരുണ്ടു്. ഇന്നു നാം വിദ്യാർത്ഥികളാണു്. വിദ്യാർത്ഥിയുടെ സ്വാതന്ത്ര്യവും അവകാശവുംമാത്രമേ നമുക്കു് ഇന്നുണ്ടാകൂ. ഇന്നത്തെ മുഖ്യമതല വിദ്യ അഭ്യസിക്കലാണു്.

അൻറ. എന്തു തേങ്ങാക്കുലയാണു വിദ്യ അഭ്യസിക്കാൻ അവർ പഠിപ്പിച്ചുതരുന്നതു്?

സാ. എന്താ, മി. അൻറണി ഒരു സംസ്കാരമില്ലാതെ സംസാരിക്കുന്നതു്?

ലൂ. അല്ലാതെന്തുപറയും, സാവിയോ? എന്തായാലും സാവിയോ, ഞങ്ങളുടെ ഈ തീരുമാനം നീയും സ്വീകരിക്കണം.

സാ. ഉം, സാദ്ധ്യമല്ല. ഒരിക്കലും ആ തീരുമാനം ഞാൻ സ്വീകരിക്കയില്ല.

മാ. (പുച്ഛം) ഫാവൂ......... എന്നാൽ നീ പൊയ്ക്കോ. നീ ഇല്ലാതെ ഞങ്ങളൊന്നു നോക്കട്ടെ.

ആൻറ. കരിങ്കാലി, കരിങ്കാലി! (ക്രുദ്ധനു)

സാ. അതേ, കരിങ്കാലി. ഞാൻ കരിങ്കാലി. തെററു ചെയ്യരുതെന്നു പറഞ്ഞാൽ, നന്മ പ്രവൃത്തിക്കുവാൻ പറഞ്ഞാൽ ഇന്നത്തെ ലോകം ആരെയും കരിങ്കാലിയാക്കും. പക്ഷേ, പ്രിയ സഹോദരന്മാരേ, നിങ്ങളൊന്നു് ആലോചിച്ചുനോക്കു. നാം വിദ്യാർത്ഥികളാണു്. വിദ്യ അഭ്യസിച്ച് നല്ല ഭാവിപൗരന്മാരാകേണ്ടതാണു നമ്മുടെ ചുമതല; ഗുരുനാഥന്മാരുടേതല്ല. അനുസരണമാണു നമുക്കു വേണ്ടതു്. ഗുരുഭൂതന്മാരെ നാം ബഹുമാനിക്കണം; കീഴ്പ്പെടണം. പ്രിയ ലൂയീസ്, നാം എന്തിനു പരീക്ഷയെ ഇത്ര ഭയപ്പെടുന്നു? പ്രൊട്ടസ്റ്റ് ചെയ്യുന്നു? പഠിപ്പിക്കാത്ത വിഷയങ്ങളൊന്നും പരീക്ഷയ്ക്കു ചോദിക്കുകയില്ല. നമ്മുടെ അദ്ധ്യാപകന്മാർക്കു നമ്മെക്കാൾ അറിവില്ലെന്നാണോ പറയുന്നതു്? തീർച്ചയായും അറിയാം. അതുകൊണ്ടു നാം ഭയപ്പെടേണ്ട കാര്യമൊന്നുമില്ല.

ജോ. സാവിയൊ പറഞ്ഞതിലും കാര്യമുണ്ടു് ലൂയീസ്.

സാ. മാത്രമല്ല, നാം ഈ വിരുദ്ധപ്രകടനങ്ങൾ ചെയ്താൽ അതുകൊണ്ടുള്ള നാശം നമുക്കാണു്. നാമാണനുഭവിക്കേണ്ടവർ. അതിനാൽ പ്രിയ സുഹൃത്തുക്കളേ, നിങ്ങളോടു് ആത്മാർത്ഥമായി ഞാൻ അഭ്യർത്ഥിക്കുന്നു, ഈ സാഹസകൃത്യത്തിനു പോകരുതെന്നു്. സധൈര്യം നാം പരീക്ഷയ്ക്കിരിക്കണം. (സാവിയോയുടെ അഭിപ്രായത്തെ പിന്താങ്ങുന്നു)

മാ. സംഗതി വാസ്തവംതന്നെ. പക്ഷേ................

സാ. പക്ഷെയൊന്നും വേണ്ട........ നമ്മെ പഠിപ്പിക്കാത്ത വിഷയങ്ങൾ വന്നിട്ടുണ്ടെങ്കിൽ ആ ചോദ്യത്തിനു നാം ഉത്തരം എഴുതാതിരുന്നാൽ മതിയല്ലോ. പരീക്ഷാബഹിഷ്കരണത്തിൻെറ ആവശ്യം ഇന്നില്ല.

ജോ. ശരിയാണു മി. ലൂയീസ്. നാമെന്തിന് ഈ വേണ്ടാത്ത കുഴപ്പങ്ങൾ സൃഷ്ടിക്കുന്നു? സാവിയൊ പറഞ്ഞതാണു പരമാർത്ഥം.

ലൂ. സംഗതി ശരിയാണ്................

സാ. (ലൂയീസിൻെറ തോളിൽ പിടിച്ചുകൊണ്ടു്) പ്രിയ ലൂയീസ്, അറിയാതെ ആരായാലും കുഴിയിൽ ചാടിയെന്നുവരാം. പക്ഷേ, കുഴിയാണെന്നു ഗ്രഹിച്ചിട്ടു വല്ലവരും കുഴിയിൽ ചാടുമോ? ഇല്ല. (എല്ലാവരും അനുകൂലാഭിപ്രായം പ്രകടിപ്പിക്കുന്നു)

മാ. (മാസിക കാണിച്ചുകൊണ്ടു്) മി. ലൂയീസ്, ഈ മാസത്തെ സിനിമാമാസിക കണ്ടോ? എത്ര മനോഹരമായിരിക്കുന്നു. ജീവനുള്ള ചിത്രങ്ങൾ! ബ്യൂട്ടി! (കുട്ടികൾ മാസിക കാണുവാൻ തിടുക്കം കൂട്ടുന്നു)

ലൂ. ബേഷ്! ബേഷ്! എന്തൊക്കെയാണ് ഉള്ളടക്കം. നോക്കട്ടെ. (വാങ്ങി നോക്കുന്നു) പുരോഹിതർ പുരോഗമനത്തിൻെറ ശത്രുക്കൾ, ദൈവവും മതവും മനുഷ്യന് അനാവശ്യം, സൗന്ദര്യവും സ്നേഹവും, വിദ്യാർത്ഥികളിൽ നിരീശ്വരത്വം ആവശ്യം................

മാ. മതി, മതി. ലൂയീസ് ആ ചിത്രങ്ങളെല്ലാം എടുക്കു........

(ലൂയീസ് ചിത്രങ്ങൾ എടുക്കുന്നു. എല്ലാവരും നോക്കുന്നു.)

ലൂ. കൊള്ളാം. ഇത്തരം മാസികകളാണിന്നാവശ്യം. പുരോഗമനമട്ടിലുള്ള വിമർശനലേഖനങ്ങൾ.

സാ. (സഗൗരവം ഇടയിൽ പ്രവേശിച്ചു മാസികവാങ്ങി കീറി ദൂരെ എറിയുന്നു. മററു കുട്ടികൾ നിശ്ശബ്ദരായി നില്ക്കുന്നു) എന്താണിതു്? എന്തു മാസികയാണിതു്? എല്ലാവരും നോക്കിനോക്കി സന്തോഷിക്കുന്നുണ്ടല്ലോ. മ്ലേഗീയതനിറഞ്ഞ ഈ മാസിക നോക്കി നിങ്ങൾ ആനന്ദിക്കുകയാണോ? കഷ്ടം. ഈ അശ്ലീലമാസിക നോക്കിക്കണ്ടു രസിക്കാൻ എങ്ങനെ ഹൃദയമുണ്ടായി? (മ്ലാനമായ അന്തരീക്ഷം) പ്രിയ കൂട്ടുകാരേ, നമുക്കു കണ്ണുകൾ തന്നതു് അവിടുത്തെ വേലകളുടെ സൗന്ദര്യം കണ്ടാസ്വദിക്കാനാണു്. മോശമായ ഒരു നോട്ടം, നമ്മുടെ ആത്മാക്കളെ അശുദ്ധമാക്കുമെന്ന നമ്മുടെ കത്താവിൻെറ വാക്കുകളെ നിങ്ങൾ വിസ്മരിക്കുന്നുവോ? ഈ അശുദ്ധിയിൽ നിങ്ങൾ നയനോത്സവം നടത്തുകയാണു്.

ല്യൂ. അതു് ഒരു നേരംപോക്കല്ലേ സാവിയോ.

സാ. നരകത്തിൽ പോകുമ്പോൾ നല്ല നേരംപോക്കായിരിക്കും.

അൻറ. സാവിയൊ, നീ അതു കീറേണ്ട അവശ്യമില്ലായിരുന്നു. പറയാമായിരുന്നല്ലോ നിനക്കിഷ്ടമില്ലെങ്കിൽ.....

സാ. എനിക്കല്ല, എല്ലാവർക്കും ഉപദ്രവം വരുത്തിവയ്ക്കുന്ന ഒരു മാസികയാണിതു്. വിദ്യാർത്ഥികളായ നാം പ്രത്യേകിച്ചും അതു കാണുന്നതു് അഭിലഷണീയമല്ല. ഈ നികൃഷ്ടതയിൽ യാതൊരപകടവും കാണാതിരിക്കുന്നതു നിങ്ങളുടെ കണ്ണുകൾ ഈദൃശ കാഴ്ചയിൽ തഴങ്ങിപ്പോയതുകൊണ്ടാണു്. മി. മാത്യു, നമ്മുടെ ഭാവിയെ വിചാരിച്ചെങ്കിലും ഇനി ഇത്തരം മാസികകൾ ക്ലാസ്സിൽ കൊണ്ടുവരരുതു്. മാത്രമല്ല, ഇത്തരം അശ്ലീലസാഹിത്യം പ്രചരിപ്പിക്കുന്ന പത്രങ്ങൾ വായിക്കുകപോലും ചെയ്യരുതു്. നമ്മുടെ നല്ല ആശയങ്ങളെ വിഷമയമാക്കുകയാ

ണ് അവ ചെയ്യുന്നത്. നമ്മുടെ വിദ്യാഭ്യാസജീവിതത്തിന്റെ പരിപാവനതയെ അശുദ്ധമാക്കുകയാണ് അവ ചെയ്യുന്നത്.

(മണിയടി ശബ്ദം കേൾക്കുന്നു. എല്ലാവരും പോകുന്നു.)

കർട്ടൻ.

## രംഗം പത്ത്

[വില്യം, സണ്ണി എന്നീ വിദ്യാർത്ഥികൾ സിഗരറ്റു പുകച്ചുകൊണ്ടു പ്രവേശിക്കുന്നു; വില്യം കിന്നരം വായിക്കുന്നു.]

സണ്ണി— ബേഷ്, ബേഷ്. ഫസ്റ്റ് ക്ലാസ്സ് ട്യൂൺ. മി. വില്യം, ഈ കിന്നരം വളരെ നല്ലതുതന്നെ. എവിടെന്നു കിട്ടി ഇത്?

വില്യം— വിലകൊടുത്തു വാങ്ങിയതൊന്നുമല്ല. കുറച്ചുദിവസംമുമ്പ് ആ സ്റ്റേഷനറി കച്ചവടക്കാരനുണ്ടല്ലോ— അയാളെനിക്കു സൗജന്യമായി തന്നതാ................

സ. വിലകൂടാതെയോ?

വി. ങ്ആ!................

സ. അതെന്താ......................?

വി. അതോ........, അവരെല്ലാം ഞങ്ങളുടെ പറമ്പിൽ താമസിച്ച കുട്ടരായിരുന്നു. ഇന്നും അവരുടെ ജീവനാണു ഞങ്ങൾ. ഞങ്ങൾ എന്തെല്ലാം സഹായങ്ങളാണെന്നോ

വി. അവർക്കു ചെയ്തുകൊടുത്തിട്ടുള്ളതു്. ഈ നാട്ടിൽ എത്ര പേരാണെന്നോ ഞങ്ങളെ ആശ്രയിച്ചു ജീവിക്കുന്നതു്.

സ. വെറുതെ പത്രാസടിക്കല്ലേ വില്യം.

വി. പത്രാസും പൗലോസുമൊന്നുമല്ല. ഉള്ള കാര്യമാണു് പറഞ്ഞതു്.

സ. ഞങ്ങളും അത്ര മോശമൊന്നുമല്ല.

വി. നിങ്ങൾ മണ്ണാങ്കട്ടയാണു കൊടുക്കുന്നതു്.

സ. പിന്നേ.......നോക്കു്, അലഞ്ഞുനടന്നിരുന്ന എത്രപേർക്കു് ജോലി കൊടുത്തുവെന്നോ? അനവധി കുട്ടികൾക്കു ഫീസും കൊടുത്തിട്ടുണ്ടു്.

വി. (പരിഹാസപൂർവ്വം) അതു നിങ്ങളുടെ വീട്ടിലെ കുട്ടികൾക്കു് അല്ലേ?

സ. (ദ്വേഷ്യം) അതേ. നീ നാലാളോടു ചോദിച്ചുനോക്കടാ. എന്തെല്ലാം കാര്യങ്ങൾക്കാണെന്നോ സംഭാവനകൾ കൊടുക്കുന്നതു്.

വി. ഈ പിശുക്കന്മാരോ................

സ. നിങ്ങളാ പിശുക്കന്മാരു്. സ്വന്തം വയറു നിറക്കാനല്ലാതെ ഒരു ചില്ലിക്കാശു പാവങ്ങൾക്കു നല്കുന്നുണ്ടോ? ഞങ്ങളുടെ കാര്യമൊന്നു നോക്കു്. ഞങ്ങളുടെ ഫാക്ടറിയിലും കമ്പനിയിലും എത്ര ജോലിക്കാരാണെന്നോ? അവരെല്ലാം ഞങ്ങൾ പറയുന്നപോലെ ചെയ്യും.

വി. (ചിരിച്ചു്) ങ്ഹ! അതാണല്ലേ?

സ. ഉം, അതാണല്ലേ; എന്താ, പറയൂ?

വി. നിന്റെ മൂത്തജ്യേഷ്ഠനും അപ്പനും മററും ഉള്ള ജോലിയെല്ലാം കളഞ്ഞു കുളിച്ചു കുടിയന്മാരായി നടക്കുന്നതു്? അതു ശരി.

സ. (ദേഷ്യത്തോടുകൂടി) വില്യം കളിച്ചുകളിച്ചു കാര്യമാകരുത്. വെറുതെ എൻെറ അപ്പനേയും മററും കുററംപറഞ്ഞാലുണ്ടല്ലോ. ങ്ഹാ.................!

വി. ഞാൻ വല്ലതും പറഞ്ഞോ?

സ. പറഞ്ഞില്ലേ?

വി. പറഞ്ഞാൽ നീ എന്തുചെയ്യും?

സ. അടിച്ചുഞാൻ സിലണ്ടറിളക്കും.

വി. ഉം........, നീയോ........, ഈ തെണ്ടിച്ചെറുക്കൻെറ കൈകൊണ്ടോ? (തലകുലുക്കി) ശര്യാ........; ശര്യാ.....അതിന് ആളെ മാറിനോക്കണം.................

സ. നീയാരാടാ........നായേ? നിൻെറ അപ്പൻ ഒരു മുക്കവനല്ലേടാ? നിന്നെ എനിക്കു നല്ലപോലെയറിയാം—മുക്കവൻെറ മോനേ?

വി. നിങ്ങൾ എന്നാടാ, ഈ പണക്കാരായത്? പുലയൻെറ മോനേ........?

സ. പുലയൻെറ മോൻ നീയാ?

വി. ഉള്ളതു പറയുമ്പോൾ എന്തടാ ഇത്ര പുളി? എന്നിട്ടുസംബന്ധം പറഞ്ഞാലുണ്ടല്ലോ.....................

സ. നീ എന്തുചെയ്യും.

വി. ചെക്കൻ പിന്നെയും മുള്ളെട്ടുക്കും. വായിലേ മുപ്പത്തിരണ്ടു പല്ലും തെറിച്ചുവീഴുന്നതറിയില്ല—കേട്ടോ? നായേ....

സ. നീ തല്ലു വാങ്ങിച്ചേ പോകൂ. അതിനുള്ള ഒരുക്കമാണ്.

വി. നീയാ........ഒന്നു മിണ്ടാതിരിയെടാ ഏഴാംകൂലി. നിൻെറ അപ്പനെ അറിയില്ലേടാ....................

സ. വെറുതെ അപ്പനുവിളിച്ചാലുണ്ടല്ലോ. പെടലിക്കു നീരുവരുന്നതറിയില്ല— കേട്ടോ?

വി. ഉം, അവൻ പഠിപ്പിക്കാൻ വന്നിരിക്കുന്നു. പോടാ. നിന്നേക്കാരം എത്രയോ വലിയവരെ ഞാൻ കണ്ടിരിക്കുന്നു. മോഷ്ടിച്ചു മോഷ്ടിച്ചു പണക്കാരായതല്ലേ നിങ്ങരം? എല്ലാം അറിയാമെടാ................

സ. ആര് നിങ്ങളാ........ കയ്യേററം ചെയ്യുന്ന അറുകൊലക്കാരല്ലേ നിങ്ങരം? എന്നെക്കൊണ്ടു പറയിപ്പിക്കണ്ടാ, നിങ്ങരംക്കൊക്കെ പോയി ചത്തുടേ........?

വി. നിങ്ങരംക്കു ചത്തുടേ................

സ. (പുച്ഛം) ഞെ........ഞെ........ഞെ........ചത്തു........ടെ........

വി. (പുച്ഛം) ക്കെ........ക്കെ....ക്കെ....ക്കെ........ക്കേ........

സ. (കൈകാണിച്ച്) ബൊ........ ബൊ........ ബൊ........ ബോ................

വി. (കൈകാണിച്ച്) ബ........ ബ........ ബ........ ബ........ ബാ................

(അല്പനേരം ഇരുവരും പരസ്പരം മുഖംകൊണ്ടും മററും ഗോഷ്ടികരം കാണിക്കുന്നു)

സ. നിന്റെ തൊണ്ട കണ്ടില്ലേ?

വി. നിന്റെ മുഖം കണ്ടില്ലേ........ഉടഞ്ഞ കലം കമഴ്ത്തിവച്ചിരിക്കുന്നതുപോലെ................

സ. നിന്റെയല്ലേ കള്ളദൃഷ്ടി.

വി. നിന്റെ മൂക്കു കണ്ടില്ലേ? പാറപ്പുറത്ത് ഒന്ന് ഇരിക്കുന്നതുപോലെ.

(സാവിത്രിയോ പ്രവേശിക്കുന്നു. പിന്നിൽക്കൂടെ വന്നു നിന്നു കാണുന്നു)

സ. നിന്റെ മൂക്കെന്താ ഇങ്ങനെ? കള്ളക്കുപ്പി ചാരിവച്ചിരിക്കുന്നപോലെ.

വി. (അടിക്കാൻ ഓങ്ങുന്നു) എടാ പീന്തവയറാ, നിന്നെ ഇപ്പോഠം ഞാൻ ശരിപ്പെടുത്തിയേ അടങ്ങൂ. (സാവിയോ വന്നു തടുക്കുന്നു.)

സ. ഉം, അടിയെടാ, അടിയ്ക്കടാ, എന്നെ തൊട്ടുപോയാൽ പിന്നെ നിൻെറ ശവമാ........ ഉം, അടി?

വി. നിനക്കെന്നെ അടിയ്ക്കണോടാ........തെണ്ടി?

സാ. അരുത്........ അരുത്........ എന്താണിതു്? ഒരിക്കലും പാടില്ല. മി. വില്യം, എന്താണിതു്? തമ്മിൽ തല്ലാനാണോ നാം സ്കൂളിൽ പഠിക്കുന്നതു്? അരുതു്. പ്രിയ സണ്ണീ, ഈ കലഹത്തിൽനിന്നു പിന്മാറൂ. |ഉം, മി. വില്യം, അരുതു്. സ്നേഹിതന്മാരായ നാം—വിദ്യാൎത്ഥികളായ നാം വിദ്വേഷം വളൎത്തുന്നതു് ഒരിക്കലും ശരിയല്ല. മി. സണ്ണി.........

സ. സാവിയോ, എൻെറ കൈ വിടണം. ഇവനെ ഒന്നു ശരിപ്പെടുത്തിയേ ഇരിക്കൂ. ഉം, (കൈ കുതറുന്നു)

വി. സാവിയോ എന്നെ വിടൂ. ഇവനെ ഒന്നു പഠിപ്പിച്ചേ ഞാനിനി ഭക്ഷണം കഴിക്കൂ. അതുവരെ നിരാഹാരവ്രതം. ഉം, എന്നെ തടയരുതു്.

സ. സാവിയോ, എൻെറ കൈ വിടണം. നാം ചങ്ങാതിമാരുതന്നെ. പക്ഷേ ഇക്കാൎയ്യത്തിൽ ഒരു വക്കാലത്തും എനിക്കുവേണ്ട.

വി. ജീവനിൽ കൊതിയുണ്ടെങ്കിൽ വേഗം പൊക്കോ.

സ. (കല്ലെടുത്തു് ഓങ്ങുന്നു) അല്ലെങ്കിൽ എന്താടാ ചെയ്യ്? ഉം, വാടാ. ഉം, എന്താ നീ ചെയ്യുക? സാവിയോ, ആ തെണ്ടിയെ വിടൂ..................

വി. ഓ, നീ എറിയാനാണോ ഭാവം. ശരി. എന്നാൽ നമുക്ക് ഒരു കൈ നോക്കാം. ഒരു കല്ലേറുസമരംതന്നെ.

നീ അതിന്ന തയ്യാറുണ്ടോ. അതിലാരാണു ജയിക്കുന്ന തെന്നു കാണാമല്ലോ.

സ. ശരി. ഒരുക്കമാണ്. നിൻെറ ആ പെരുങ്കണ്ണു രണ്ടും അ ൎദ്ധ്യം എറിഞ്ഞു കീശയിലാക്കിയാൽമാത്രമേ എൻെറ അ രിശം തീരൂ.

വി. അതു കാണാമല്ലോ. ശരി, അങ്ങനെതന്നെ. എന്നു വേണം?

സ. എന്തിന്ന താമസിക്കുന്നു? നാളെത്തന്നെ ആയിക്കൊള്ളു ട്ടെ. നാളെ ഉച്ചതിരിഞ്ഞു 4 മണിക്കു സ്കൂൾമുററത്തുവ ച്ച്. സമ്മതിച്ചോ?

വി. ശരി. സമ്മതിച്ചു.

സാ. അരുത്. ഈ ധിക്കാരത്തിന്ന് ഒരിക്കലും മുതിരരുത്. എന്താണിത്? ദൈവത്തിന്ന് എതിരായി ഈ ദുഷ്പ്രവൃ ത്തിയിൽ ഏർപ്പെടുകയോ? നിങ്ങളുടെ ആത്മാവിന്നും ശരീരത്തിന്നും നാശമാണെന്നു മനസ്സിലാക്കിയാലും.

സ. ആത്മാവും ശരീരവും. (ചെവി പൊത്തി) ഒന്നും കേൾ ക്കേണ്ട. അവൻെറ തല തട്ടിത്തകർക്കണം. ഒരു കേമൻ വന്നിരിക്കുന്നു പഠിപ്പിക്കാൻ.

സാ. സണ്ണി, വില്യം നിങ്ങൾ ദയവുചെയ്തു് ഇനിയെങ്കിലും വഴക്കിന്നു പോകരുതേ. പറയുന്നതു കേൾക്ക്. ഉം, ഞാ നാണു പറയുന്നത്. മി. വില്യം ഒന്നു ക്ഷമിക്കൂ.

വി. ക്ഷമിക്കയോ? ഞാനോ? ശരിയാ.

സാ. നിങ്ങൾ ഈ നിസ്സാരകാര്യത്തിന്ന് ഇങ്ങനെ വഴക്കുകൂടു ന്നതു ശരിയാണോ? ദയവുചെയ്തു പിന്മാറൂ.

സ. ഞാനോ? ഒരിക്കലും സാധ്യമല്ല. ഇവൻെറ അഹങ്കാരം ഒന്നടക്കണം.

സാ. നിങ്ങൾ രണ്ടുപേരും ഇങ്ങനെ കീരീം പാമ്പുംപോലെ

നിന്നാലോ? മി. വില്യം, ഈ കല്ലേറുസമരത്തിൽനിന്നു വിരമിക്കാൻ തയ്യാറുണ്ടോ? പറയണം?

വി. കല്ലേറുനടത്തി അവൻെറ വയറുപൊളിച്ചല്ലാതെ ഞാൻ പിന്മാറുല്ല.

സാ. മി. സണ്ണി, ഞാൻ പറയുന്നതു കേൾക്കാൻ ഒരുക്കമുണ്ടോ?

സ. പ്രിയ സാവിയൊ, കല്ലേറുവേണ്ടെന്നുമാത്രം പറയരുത്; മററന്തുവേണമെങ്കിലും കേൾക്കാം.

സാ. ശരി, ഇങ്ങോട്ടുനോക്കു. ഈ പാതകം ചെയ്തേ അടങ്ങൂ എന്ന് ഇനിയും നിങ്ങൾ നിർബ്ബന്ധിക്കുകയാണെങ്കിൽ നിങ്ങൾ എന്നോട് ഒരു വാഗ്ദാനം ചെയ്യുമോ?

വി. ഉവ്വ്, യുദ്ധത്തിൽനിന്നു നീ ഞങ്ങളെ തടയുകയില്ലെന്ന വ്യവസ്ഥയിൽ.

സ. സാവിയൊ, അവനൊരു വഞ്ചകനാണ്.

വി. ഞങ്ങളിൽ ഒരാളുടെ തലപൊട്ടാതെ ഞങ്ങൾ തമ്മിൽ സമാധാനമില്ല.

സാ. ഞാൻ യുദ്ധം തടയുകയില്ല. ഞാൻ അവശ്യപ്പെടുന്നതു ചെയ്തുതരാമോ?

സ. കൊള്ളാം; അതെന്താണ്?

സാ. അല്പം കഴിയട്ടെ. നമ്മൾ അവിടെ ചെല്ലുമ്പോൾ പറയാം. നാളെയാണല്ലോ ദിവസം.

വി. നീ ഞങ്ങളെ മണ്ടന്മാരാക്കുകയാണ്. ഞങ്ങളെ തടയാൻ നീ ശ്രമിക്കും.

സാ. ഞാൻ നിങ്ങളെ മണ്ടന്മാരാക്കുകയില്ല.

സ. നീ വല്ലവരേയും വിളിച്ചുകൊണ്ടുവരാനല്ലേ?

സാ. ഞാൻ അങ്ങനെ ചെയ്യേണ്ടതാണ്. പക്ഷേ, അതു ചെ

യ്യുന്നില്ല. ശരി, എന്നാൽ നിങ്ങളുടെ വാഗ്ദാനം ഓർമ്മ വേണം.

വി. ഓർമ്മയുണ്ടു്; ഓർമ്മയുണ്ടു്.

സ. നീ നോക്കിയാൽ ഞാനങ്ങു ഭസ്മമാകും. പോടാ.........നിന്നേക്കാൾ എത്ര ചട്ടമ്പികളെ കണ്ടിരിക്കുന്നു. നാളെ വാടാ. നിൻെറ എല്ലു വെള്ളമാക്കുന്നതു കാണിച്ചുതരാം. (മറുഭാഗത്തുകൂടെ പോകുന്നു)

(സാവിയൊ ആലോചനാനിമഗ്നനായി നില്ക്കുന്നു)

കർട്ടൻ.

## രംഗം പതിനൊന്നു്

[സ്കൂൾമൈതാനം—വില്യം കല്ലു ശേഖരിച്ചു സമരത്തിനു തയ്യാറാകുന്നു. അല്പം കഴിഞ്ഞു സണ്ണി കല്ലുസഞ്ചിയുമായി പ്രവേശിക്കുന്നു.]

വി. വാടാ, ഇന്നലെ നീ വീമ്പിളക്കുന്നതു കണ്ടല്ലോ? എന്നിട്ടെവിടെയായിരുന്നു ഇത്രനേരം? നിൻെറ എല്ലു് ഇന്നു ഞാൻ ഒടിച്ചേ ഇരിക്കൂ.... (കല്ലെടുത്തു് ഓങ്ങുന്നു)

സ. (കല്ലു് എടുത്തു തയ്യാറാവുന്നു) മതിയെടാ മതി. ആരുടെയാണു് എല്ലൊടിയുന്നതെന്നു് ഇപ്പോൾ ഞാൻ കാണിച്ചുതരാം.

(സാവിയൊ വേഗത്തിൽ പ്രവേശിക്കുന്നു)

സാ. നില്ക്കു........നില്ക്കു........സഹോദരന്മാരേ നിങ്ങളുടെ ഇന്നലത്തെ വാഗ്ദാനം മറന്നുപോയോ?

സ. മറന്നിട്ടില്ല. പക്ഷേ, എത്രനേരം കാത്തുനില്ക്കണം. സമയത്തിനു വരവുണ്ടോ? ആട്ടെ എന്താണു സാവിയൊയ്ക്കു പറയുവാനുള്ളത്? വേഗം പറയണം. എന്നിട്ടുവേണം ഈ കല്ലുമുഴുവൻ ചെലവാക്കാൻ. ഇവൻെറ ഒരു മൂച്ച്.........

വി. (കല്ലോങ്ങിക്കൊണ്ടു്) തെണ്ടിത്തരം പറഞ്ഞാലുണ്ടല്ലോ. ങ്ആ................

സ. നീ എന്തു ചെയ്യുമെടാ?

സാ. (തടഞ്ഞു്) സണ്ണി, വില്യം എന്താണു നിങ്ങൾ കാണിക്കുന്നത്? ഒരഞ്ചുമിനിട്ടു ക്ഷമിക്കണം. ഞാൻ ആവശ്യപ്പെടുന്നതനുസരിച്ചു ചെയ്യാമെന്നല്ലേ നിങ്ങൾ സമ്മതിച്ചതു്?

വി. ഇവൻെറ മുഷ്ക്കു കണ്ടിട്ടു കലികയറുകയാണു്.

സ. ഓ, നിനക്കു കലികയറിയാൽ ഞാനങ്ങു ഭസ്മമാകും.

സാ. നിറുത്തു് നിറുത്തു്. (കഴുത്തിൽ ധരിച്ചിരിക്കുന്ന ക്രൂശിതരൂപം വലത്തുകൈയിൽ ഉയർത്തിപ്പിടിച്ചുകൊണ്ടു് ഇടതുകൈ ഉയർത്തുന്നു) നിങ്ങൾ ഇരുവരും മാറി മാറി ഈ ക്രൂശിതരൂപത്തിൽ നോക്കണം. എന്നിട്ടു് ഉച്ചത്തിൽ പറയണം. കുററമററവനായ ഈശോ തൻെറ പീഡകരോടു ക്ഷമിച്ചുകൊണ്ടു മരിച്ചു. എന്നാൽ പാപിയായ ഞാൻ മനഃപൂർവ്വം പ്രതികാരകൃത്യംവഴി അവിടുത്തെ ഉപദ്രവിക്കുവാൻപോകുന്നു! (വില്യവും സണ്ണിയും ഭയചകിതരാകുന്നു. സാവിയൊ വില്യമിൻെറ പാദത്തിൽ മുട്ടുകുത്തുന്നു.) വില്യം, ഉടൻ ആരംഭിക്കുക. ആദ്യത്തെ കല്ലു് എൻെറനേർക്കുതന്നെ എറിയുക? മടിക്കാതെ എറിയണം......... ഉം................

(വില്യം സ്തബ്ധനാകുന്നു. കല്ലുകൾ കൈയിൽനിന്നു വീഴുന്നു)

വി. ഇല്ല........ ഒരിക്കലുമില്ല. നിന്നെ ഞാൻ എറിയുകയില്ല. എനിക്കു നിന്നോട്ട് ഒരു പിണക്കവുമില്ല. സാവിയൊയെ ആരും തൊടുവാൻപോലും ഞാനനുവദിക്കുകയില്ല.

സാ. (സണ്ണിയുടെനേരെ തിരിഞ്ഞു്) മി. സണ്ണി, പാപിയായ എന്നെ എറിയൂ. ആ കല്ലുകൊണ്ടു് എൻെറനേരെ എറിയൂ...............

സ. (നിശ്ചലനാകുന്നു. കല്ലു വീഴുന്നു) സാവിയൊയെ ഞാൻ എറിയണമെന്നോ? എന്തിനു്? സാവിയൊ എന്തു കുററം ചെയ്തിട്ട്, ഇല്ല. എനിക്കു നീ ഒരുപദ്രവവും ചെയ്തിട്ടില്ലല്ലോ. ഞാൻ എറിയുകയില്ല. എൻെറ സ്നേഹിതനായ നിനക്ക് ഒരുപദ്രവവും വരുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

സാ. (എഴുന്നേററു്) എനിക്കുവേണ്ടി ഏതപകടത്തെയും നേരിടുവാൻ നിങ്ങൾ ഇരുവരും തയ്യാറാണല്ലോ. ഞാനോ, വെറും ഒരു സൃഷ്ടി! എന്നാൽ, നിങ്ങളുടെ വിലയേറിയ ആത്മാക്കളെ രക്ഷിക്കുവാൻ ഒരു ചെറിയ ആക്ഷേപം സഹിക്കുവാൻ നിങ്ങൾ വിസമ്മതിക്കുന്നു. എനിക്ക് എന്തു വിലയാണുള്ളതു്, നിങ്ങൾ അപകടത്തിലാക്കുവാൻപോകുന്ന ആത്മാക്കളുടെ വിലയോടു തുലനം ചെയ്യുമ്പോൾ. (കുരിശു് ഉയർത്തിപ്പിടിച്ചു നില്ക്കുന്നു. വില്യം, സണ്ണി എന്നിവർ മനസ്താപത്തോടെ ക്ഷമായാചനം ചെയ്യുന്നു)

വി. പ്രിയ സാവിയൊ, എന്നോടു ക്ഷമിക്കൂ. ഞാനറിയാതെ ചെയ്തതാണു്......... ഇനി, ഞാൻ കല്ലേറു നടത്തുന്നതല്ല.................

സ. സാവിയൊ, എന്നോടു ക്ഷമിക്കണേ. ഇനി ഞാൻ വഴക്കിനു മുതിരുന്നതല്ല.

സാ. (രണ്ടുപേരേയും എഴുന്നേല്പിച്ചു തലോടുന്നു) എന്റെ പ്രിയ സഹോദരന്മാരേ, ഭയപ്പെടാതിരിക്കുക. ദൈവം നിങ്ങളെ രക്ഷിച്ചിരിക്കുന്നു. നാം പരസ്പരം സൗഹാർദ്ദത്തോടും സ്നേഹത്തോടുംകൂടി ജീവിക്കേണ്ടതു് ആവശ്യമാണ്. നിങ്ങളിലുള്ള വിദ്വേഷാഗ്നി കെടുത്തിക്കളഞ്ഞു് അന്യോന്യം രമ്യപ്പെടുക. എളിയ മനഃസ്ഥിതിയോടും ആത്മാർത്ഥസ്നേഹത്തോടുംകൂടി ഇനിമുതൽ ജീവിക്കുക. ദൈവം നമ്മെ അനുഗ്രഹിക്കും.

കർട്ടൻ.

## രംഗം പന്ത്രണ്ടു്

[ലോറൻസ്, ജോസഫ്, പോൾ, ജോയ് എന്നിവർ വിനോദങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. സാവിയൊ ഒരു പുസ്തകവും മിഠായിയുമായി പ്രവേശിക്കുന്നു]

സാ. ആർക്കുവേണം? മിഠായി......... മിഠായി......... ('എനിക്കു' എനിക്കു് എന്നു പറഞ്ഞു കുട്ടികൾ സമീപിക്കുന്നു.) എല്ലാവർക്കും തരാം. തെരക്കുകൂട്ടാതിരിക്കു.

ജോസഫ് — സാവിയൊ, എനിക്കു തരു സാവിയൊ.

സാ. ഇതാ.........നിനക്കു് (കൊടുക്കുന്നു)

ലോറൻസ് — എനിക്കു്, എനിക്കു്...............

സാ. ഇതാ........ നിനക്കും. (കൊടുക്കുന്നു)

ലോ. ഒരെണ്ണംക്രൂടി........ ഉം................

സാ. തന്നതു തിന്ന്. എല്ലാവർക്കും വേണ്ടേ?

പോൾ-- ങ്ആ! കൊതിയൻ. തന്നതു തിന്നെടാ. സാവിയൊ എനിക്കു തന്നില്ല.

സാ. ഉം........, ഇതാ (കൊടുക്കുന്നു).

ജോസ—എനിക്ക്................

ലോ. അവന്റ കൊടുത്തതാ, സാവിയൊ..... രണ്ടാമത്തും സൂത്രത്തിൽ കൈനീട്ടുകയാണ്.

ജോയ്— എന്തെടാ ഇത്ര കൊതി? സാവിയൊ എനിക്ക്....

സാ. ഉം........, ഇതാ നിനക്കും (കൊടുക്കുന്നു).

ലോ. സാവിയൊ........നല്ലവനാണേ................

പോ. സാവിയയ്ക്കു നല്ലകാലത്തു ഗുണംവരട്ടെ............

(എല്ലാവരും ചിരിക്കുന്നു)

സാ. (ചിരിക്കുന്നു. നാരങ്ങ എടുത്ത്) ഇനി മററൊന്ന്. ഇതാർക്കു വേണം? ഓറഞ്ച്, ഒരെണ്ണം മാത്രമേയുള്ളു. ആക്കുവേണം? (എല്ലാവരും കൈനീട്ടുന്നു) എല്ലാവക്കും തരാനുണ്ടാവില്ല. ഒരെണ്ണമേയുള്ളു.

പോ. (കൈനീട്ടി) അതെനിക്ക്.

ജോ. സാവിയൊ, നാം വലിയ കൂട്ടുകാരല്ലേ? അതെനിക്കു സാവിയൊ.

സാ. ഇല്ല. ഇതാക്കാണു തരേണ്ടതെന്ന് ഒരു പരീക്ഷണം നടത്തീട്ടുവേണം തീരുമാനിക്കാൻ.

ലോ. എന്തു പരീക്ഷണമാണ്?

സാ. ഞാൻ വേദോപദേശത്തിൽനിന്നു ചില ചോദ്യങ്ങൾ

ചോദിക്കാം. അതിൽ ജയിക്കുന്നയാൾക്ക് ഓറഞ്ച്. എന്താ........?

ജോസ—ഓ........സമ്മതിച്ചു. എന്താ ചോദ്യം?

സാ. (പുസ്തകം തുറന്ന്) ഇരിക്കു, ഇരിക്കു. കുരിശുവരയ്ക്കാൻ എല്ലാവർക്കുമറിയാമല്ലോ. എങ്കിലും നല്ലപോലെ കാട്ടുമോയെന്ന് അറിയണം? ലോറൻസ്, ഒന്നു കുരിശുവരയ്ക്കു................

ലോ. എന്റെ തമ്പുരാനേ...... ശുദ്ധമാനസ്ലീഹായുടെ........

(തെററിവരയ്ക്കുന്നു. മററുകുട്ടികൾ ചിരിക്കുന്നു)

സാ. കഷ്ടം, കഷ്ടം. ഇത്രയായിട്ടും ശരിക്കു പഠിച്ചിട്ടില്ലല്ലേ! ജോസഫ് വരച്ചുകാണിച്ചുകൊടുക്കു. (ജോസഫ്, വരയ്ക്കുന്നു) ഇനി ജോയ് വരയ്ക്കു......... (വരയ്ക്കുന്നു). പോൾ........ (പോൾ തെററിക്കുന്നു. സാവിയൊ വരച്ചുകാണിച്ചുകൊടുക്കുന്നു) ഇനി, വേറെ. ലോറൻസ്, വേദപ്രമാണങ്ങൾ എത്രയാണ്?

ലോ. പന്ത്രണ്ട്................

ജോയ് — പന്ത്രണ്ടില്ല. പത്തേയുള്ളു.

സാ. നിന്നോടു ചോദിച്ചോ? ചോദിക്കുമ്പോഴല്ലേ പറയേണ്ടു......... ഉം, ശരി ഏതെല്ലാമാണ്? ലോറൻസ്........

ലോ. ഒന്നാമത്തു നിന്റെ തമ്പുരാൻകാർത്താവ് ഞാനാകുന്നു. ഞാനല്ലാതെ മറെറാരുതമ്പുരാൻ നിനക്കുണ്ടാകരുത്.

സാ. പോൾ?........രണ്ടാമത്?

പോൾ— രണ്ടാമത്........ത........ത........മ്പുരാനെ........തമ്പുരാനേ........രണ്ടാമത്................

സാ. മി. ജോസഫ് എന്താ? രണ്ടാമത്?

ജോസ— തമ്പുരാന്റെ തിരുനാമം വൃഥാ ഉപയോഗിക്കരുത്.

സാ. മനസ്സിലായോ പോൾ? പ്രമാണങ്ങൾ ഏതെന്ന് അറിയാതെ നാം എന്തിനാണു ക്രിസ്ത്യാനികളാണെന്നും മററും പറഞ്ഞു ജീവിക്കുന്നത്? മി. ജോയ്, പ്രമാണം ആര്, ആർക്കാണു നല്കിയത്?

ജോയ്— ദൈവം മൂശയ്ക്കു കൊടുത്തു.

സാ. എവിടെ വച്ചാണു പ്രമാണം കൊടുത്തതു മി. പോൾ?

പോൾ— ഉം, (മൂളുന്നു. സംശയിച്ചുകൊണ്ട്) മ......ല......യാ.... ററൂർ മലമുകളിൽവച്ച്. (ഇതരർ ചിരിക്കുന്നു.)

സാ. മലയാററൂർ മലയോ? നല്ല കാര്യമായി. ലോറൻസ് പറയൂ................

ലോ. (തല ചൊറിഞ്ഞ്) സാ........ സാ......... അതിന്റെ ആദ്യത്തെ അക്ഷരം എന്തുന്നാ സാവിയേ?

സാ. അതിനു നീ വേണോ................

ലോ. ങ് ആ........ കിട്ടിപ്പോയി. സീനാ........ മലമുകളിൽ വച്ച്.

സാ. ഉം, ശരി. തിരുസ്സഭയുടെ കാണപ്പെടുന്ന തലവൻ ആരാണ്? ജോയ് പറയൂ................

ജോയ്— (ആലോചിച്ച്) മാപ്പാപ്പാ.

സാ. ഏററം വിശിഷ്ടമായ കൂദാശ ഏതാണ്?

പോൾ— ലാ.....ഹാ.....ലാഹാ...............

(എല്ലാവരും ചിരിക്കുന്നു)

സാ. ഈ കാര്യങ്ങളെപ്പററി ഒന്നും പഠിച്ചിട്ടില്ലേ? കഷ്ടം. ലോറൻസ് പറയൂ................

ലോ. (ആലോചിച്ച്) കുർബ്ബാന.................

സാ. സുവിശേഷം എഴുതിയതു് ആരെല്ലാമാണ്. പോൾ?

പോ. ഞാൻ പറയാം. ഉം, മത്തായി........ ഉം........ (ആലോചിച്ചു കിട്ടുന്നില്ല)......... ഉം................

സാ. ജോസഫ് പറയൂ..................

ജോസ. മത്തായി, മർക്കോസ്, ലൂക്ക, യോഹന്നാൻ.

സാ. (പുസ്തകം അടയ്ക്കുന്നു) ശരി. എല്ലാവരും ഒരുവിധം പഠിച്ചിട്ടുണ്ട്. ജോസഫും ജോയിയും ലോറൻസും ഒരുവിധം പഠിച്ചിട്ടുണ്ട്. പോൾ ഒന്നുകൂടെ ശ്രദ്ധിക്കണം.

ലോ. അപ്പോൾ ആർക്കാണു സമ്മാനം? ജയിക്കുന്നയാൾക്ക് ഓറഞ്ചു തരാമെന്നല്ലേ പറഞ്ഞതു്?

സാ. ശരി. ഓറഞ്ചു തരാം. പക്ഷേ, നിങ്ങൾക്കൊരു ഉപവിപ്രവൃത്തി ചെയ്യാമോ? നമ്മുടെ പോൾ വേദോപദേശം നല്ലപോലെ പഠിച്ചിട്ടില്ല. ഇനിമുതൽ നല്ലവണ്ണം ശ്രദ്ധിച്ചു പഠിക്കുന്നതിനുവേണ്ടി ഓറഞ്ചു, പോളിനു നല്കണമെന്നാണെൻെറ ആഗ്രഹം. നിങ്ങൾക്കതിനു സമ്മതമുണ്ടോ? (എല്ലാവരും സമ്മതിക്കുന്നു) സമ്മതം തന്നെയല്ലേ?

ജോ. അതേ. കൊടുത്തോളൂ.

സാ. ഇതാ, നാരങ്ങ. പോൾ, ഇനി നല്ലപോലെ പഠിക്കണം. നല്ല കുട്ടിയായി വളരണം. (സസന്തോഷം പോളിൻെറ പുറത്തു തട്ടി) എന്താ പോൾ?

പോ. ഓ........ഞാൻ തീർച്ചയായും ശ്രമിക്കും.

സാ. ശരി. ഞാൻ പോകട്ടെ. ഓറട്ടറിയിൽ പോകേണ്ട സമയമായി. തീരെ സുഖവുമില്ല. നമസ്കാരം (പോകുന്നു)

ജോയ് — പോൾ, അതു പൊളിക്കൂ. ഞങ്ങൾക്കും താ.

പോ. ഉം, എനിക്കു കിട്ടിയതല്ലേ?

ജോസ. അതേ. എന്നിരുന്നാലും തരൂ. ഓരോ അല്ലിയെങ്കിലും തരുന്നോ. ഞങ്ങൾ കാരണമല്ലേ കിട്ടിയതു്.

പോ. ഇത്ര ധൃതിയായാലോ? തരാം. നിങ്ങൾ തട്ടിപ്പറിക്കരുതു്. (ഓരോ അല്ലി കൊടുക്കുന്നു.)

കർട്ടൻ.

# രംഗം പതിമ്മൂന്ന്

[സാവിയൊ രോഗബാധിതനായി കട്ടിലിൽ കിടക്കുന്നു. ജോൺ ബോസ്കോ ശുശ്രൂഷിക്കുന്നു.]

ജോ. ബോ. (മരുന്നുകൊടുത്തു്) സാവിയൊ, ഇതാ, മരുന്ന്. കുടിക്കു. (വായിൽ പിടിച്ചുകൊടുക്കുന്നു) ഭയപ്പെടാതിരിക്കു സാവിയൊ. സുഖക്കേടു വേഗംതന്നെ മാറും.

സാ. (മരുന്നു കഴിച്ചശേഷം) അച്ചാ, ഞാൻ എന്തിനു ഭയപ്പെടണം? ഞാൻ ആനന്ദിക്കുകയാണ്. സ്വർഗ്ഗീയാനന്ദത്തിലേയ്ക്കു് ആനയിക്കപ്പെടുന്നതുപോലെ എനിക്കു തോന്നുന്നു.

ബോ. സ്വർഗ്ഗീയസൗഭാഗ്യം നിനക്കു ലഭിക്കുകതന്നെ ചെയ്യും. സാവിയൊ, പക്ഷേ, ഇപ്പോഴും ഇവിടംവിട്ടു പോകേണ്ട സമയമായിട്ടില്ല. ഈ രോഗം നിസ്സാരമാണ്. ഡോക്ടർ വരേണ്ട സമയമായിട്ടുണ്ടു്.

സാ. ഡോക്ടരും മരുന്നും എനിക്കാവശ്യമില്ലച്ചാ.

ബോ. പ്രിയ സാവിയൊ, നിന്റെ വാക്കുകൾ എന്നെ വികാരവിധേയനാക്കുന്നു. (നോക്കി) അതാ ഡോക്ടർ വരുന്നു.................

(ഡോക്ടർ പ്രവേശിക്കുന്നു)

ഡോ. (പരിശോധിച്ചു്) എത്ര നാളായി തുടങ്ങിയിട്ട്.

ബോ. നാലു ദിവസമായി കിടപ്പിലായിട്ട്. ക്ഷീണം കണ്ടുതുടങ്ങിയിട്ടു കുറച്ചുനാളായി. ദിവസം ചെല്ലുന്തോറും ദേഹം മെലിഞ്ഞുമെലിഞ്ഞു വരുന്നു.

ഡോക്ടർ. ഭക്ഷണം കഴിക്കുന്നുണ്ടോ?

ബോ. ഭക്ഷണം വേണമെന്നുതന്നെയില്ല. എപ്പോഴും വിചാരനിമഗ്നനായി കിടക്കുന്നതു കാണാം.

ഡോ. പുറത്തു വ്രണങ്ങളുടെ പാടുകൾ കാണുന്നുണ്ടല്ലോ.

ബോ. ഇപ്പോൾ അതു കുറച്ചു കുറഞ്ഞിരിക്കയാണ്. കിടക്കുമ്പോഴെല്ലാം, കല്ല് മുള്ള തുടങ്ങിയ സാധനങ്ങൾ പായിൽ വെക്കുന്നതു സാവിയോയുടെ പതിവായിരുന്നു. ഞങ്ങളിതറിഞ്ഞപ്പോൾ അതു തടസപ്പെടുത്തിയിരിക്കയാണ്. എന്താണെന്നു മനസ്സിലാകുന്നില്ല; ഇപ്പോൾ വല്ലാതെ അവശനായി കാണപ്പെടുന്നു.

ഡോ. ശരി........ (ആലോചിക്കുന്നു)

ബോ. (സവിനയം) ഡാക്ടർ, ഏതെങ്കിലും തരത്തിൽ ഇതിന് ഒരു പ്രതിവിധി തരണം.

ഡോ. ഫാദർ, ഈ രോഗം അത്ര വേഗത്തിൽ മാറാൻ വഴി കാണുന്നില്ല. മെൻറൽ ഡിസീസാണിതു്.

ബോ. (സസങ്കടം) അങ്ങനെ പറയരുതു ഡാക്ടർ. ദയവുണ്ടായി ഞങ്ങളെ അനുഗ്രഹിക്കണം. എന്തു ചെലവു വന്നാലും ശരി ഈ സുഖക്കേടു ഭേദമാക്കണമെന്നാണു ഞങ്ങളുടെ ആഗ്രഹം.

ഡോ. (ആലോചിച്ച്) ഒരു കാര്യം ചെയ്യൂ. ഞാൻ ഒരു മരുന്നിന് എഴുതിത്തരാം. അതു ക്രമത്തിൽ മൂന്നുനേരവും ഭക്ഷണാനന്തരം കൊടുക്കുക. (കുറിപ്പ് എഴുതിക്കൊടുത്തു്) ഇതിൽ പറയുന്ന മരുന്നു പുരട്ടിയുമ്മ ശീല നെററിയിലും ഇടു. മാത്രമല്ലാ, ഒരു കാര്യംകൂടി ചെയ്യണം. സ്വദേശത്തുപോയി ഒന്നു വിശ്രമിക്കേണ്ടതു് അവശ്യവുമാണ്. ഇവിടത്തെ കാലാവസ്ഥയും മററു പരിതഃസ്ഥിതികളും ആരോഗ്യത്തിനു കോട്ടം വരുത്തും. ഏതായാലും ഒന്നു മാറിത്താമസിക്കുകയാണുത്തമം.

ബോ. (സവിനയം) ഡാക്ടർ ഒന്നു പ്രത്യേകിച്ചു ശ്രദ്ധിക്കണം. ഞങ്ങളുടെ ജീവനാണു സാവിയൊ.

ഡോ. ശരി, നോക്കട്ടെ. (എഴുന്നേററു്) ഈ പറഞ്ഞപോലെ ചെയ്യൂ. വിവരങ്ങൾ അപ്പഴപ്പോൾ അറിയിക്കൂ. എന്നാൽ അങ്ങനെയാകട്ടെ. (ഡോക്ടർ പോകുന്നു.)

കർട്ടൻ.

## രംഗം പതിന്നാല്

[ഫാ. ജോൺബോസ്കോയും ഡൊമിനിക്ക സാവിയൊയും പ്രവേശിക്കുന്നു. ഓററ്ററിയിലെ കുട്ടികൾ സദുഃഖം അനുഗമിക്കുന്നു.]

ബോ. പ്രിയ സാവിയൊ, ഇന്നാണല്ലോ പോകേണ്ട ദിവസം. അപ്പൻ വരാമെന്നു പറഞ്ഞിട്ടുണ്ടു്.

സാ. (ദുഃഖത്തോടുകൂടി) പ്രിയ അച്ചാ......., എന്നെ കൈവിടല്ലേ......., അച്ചാ....... അങ്ങയേയും ഈ വത്സലസഹോദരന്മാരേയും വിട്ടു ഞാൻ എങ്ങനെ്..... (കരയുന്നു)

ബോ. കരയാതിരിക്കൂ സാവിയൊ. നിന്റെ മാതാപിതാക്കളെ കാണുക സന്തോഷപ്രദമല്ലേ?

സാ. ഓററ്ററിയിൽവച്ചു് എന്റെ ജീവിതം അവസാനിപ്പിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നച്ചാ.

ബോ. സാവിയൊ ഇങ്ങനെയെല്ലാം പറഞ്ഞാലോ. ഭയപ്പെടാതിരിക്കൂ. സുഖപ്പെട്ടുകഴിയുമ്പോൾ നിനക്കു തിരിച്ചു വരാമല്ലോ?

സാ. ഓ, എനിക്കുറപ്പുണ്ട്. ഞാൻ തിരിച്ചുവരികയില്ല. ഞാൻ പോവുകയാണ്; ഒരുനാളും തിരിച്ചുവരുകയില്ല. (കരഞ്ഞുകൊണ്ട്) അച്ചാ........ അച്ചാ,........

ബോ. മകനേ........ ഡാക്ടർ പറഞ്ഞിട്ടല്ലേ. ആരോഗ്യത്തോടുകൂടി തിരിച്ചുവരാമല്ലോ.

സാ. (അല്പം കഴിഞ്ഞ്) ഉം, എല്ലാം ദൈവേഷ്ടം. അച്ചാ, ദൈവതിരുമുമ്പിൽ ഏററം കൂടുതൽ യോഗ്യത സമ്പാദിക്കുന്നതിന് ഒരു രോഗി എന്തു ചെയ്യണം?

ബോ. അവൻെറ പീഡകൾ ദൈവത്തിന് അനസ്യൂതം സമർപ്പിക്കണം.

സാ. വേറെ വല്ലതും ചെയ്യണമോ?

ബോ. അവൻെറ ജീവനെത്തന്നെ ദൈവത്തിന് അർപ്പിക്കണം.

സാ. അപ്പോൾ (സംശയം) എൻെറ പാപങ്ങൾ എല്ലാം ക്ഷമിക്കപ്പെടും എന്ന് എനിക്കുറപ്പായി വിശ്വസിക്കാമോ?

ബോ. തീർച്ചയായും കുഞ്ഞേ, നമ്മുടെ കർത്താവിൻെറ നാമത്തിൽ നിനക്ക് ഉറപ്പുതരുവാൻ എനിക്കു കഴിയും.

സാ. അപ്പോൾ എൻെറ ആത്മാവു രക്ഷപ്പെടുമെന്ന് എനിക്കു തീർച്ചയാക്കാം.

ബോ. ഉവ്വ്. എൻെറ മകനേ, നമ്മുടെ കർത്താവിൻെറ കരുണവഴി നീ സ്വർഗ്ഗത്തിൽ പോകുമെന്നു നിനക്കുറച്ചിരിക്കാം.

സാ. അച്ചാ, പിശാച് എന്നെ വിഷമിപ്പിക്കുന്നെങ്കിൽ ഞാൻ അവനോട്ട് എന്തു പറയണം?

ബോ. (പുഞ്ചിരി) നീ അവനോടു സധൈര്യം പറയുക, ഈശോയ്ക്കു നിൻെറ ആത്മാവിനെ വിററുപോയെന്ന്, അ

വിടുന്ന തൻെറ അമൂല്യരക്തം വിലയായി നല്കിയാണ് അതു വാങ്ങിച്ചതെന്ന്. പിന്നെയും പിശാച് വിഷമിപ്പിക്കുകയാണെങ്കിൽ അവനോടു ചോദിക്കണം, അവൻ എന്താണു നിൻെറ ആത്മാവിനുവേണ്ടി ചെയ്തിട്ടുള്ളതെന്ന്. നേരെമറിച്ച്, ഈശോ അതിനെ നരകത്തിൽനിന്നു രക്ഷിക്കുന്നതിനു തൻെറ അമൂല്യരക്തത്തിൻെറ അവസാനത്തുള്ളിവരെ ചിന്തിയിട്ടുണ്ടെന്നും അവനെ അനുസ്മരിപ്പിക്കുക.

സാ. അച്ഛാ, സ്വർഗ്ഗത്തിൽനിന്ന് എനിക്ക് എൻെറ മാതാപിതാക്കളേയും ഓററുറിയിലുള്ള നിങ്ങളേയും കാണുവാൻ കഴിയുമോ?

ബോ. ഉവ്വ്. തീർച്ചയായും. സ്വർഗ്ഗത്തിൽനിന്നു നീ നിൻെറ മാതാപിതാക്കൾക്കും ഓററുറിയിലുള്ളവക്കും സംഭവിക്കുന്നവ കാണുന്നതിനും പുറമേ കൂടുതൽ മനോഹരമായ കാഴ്ചകളും കാണും.

സാ അപ്പോൾ എനിക്കു നിങ്ങളെല്ലാവരേയും സന്ദർശിക്കുവാൻ സാധിക്കുമോ?

ബോ. അതിനും സാധിക്കും. അതു ദൈവത്തിൻെറ ഉപരിമഹത്വത്തിനുതകുമെങ്കിൽ. (നോക്കുന്നു) അതാ അപ്പൻ വരുന്നു.

(ചാറൽസ് പ്രവേശിക്കുന്നു. സാവിയോ സമീപിക്കുന്നു)

സാ. അപ്പാ................

ചാ. എന്താ........, സാവിയോ........ (തലോടുന്നു)

ബോ. ചാറൽസ്, സാവിയോ ഇവിടംവിട്ടു പോകേണ്ടന്നാണു പറയുന്നതു്. ഞങ്ങളെ വേർപിരിയാൻ വളരെ മടി.

ചാ. പക്ഷേ, ഡാക്ടർ പറഞ്ഞപോലെ ചെയ്യണമല്ലോ. സുഖക്കേടു മാറിയിട്ട് ഉടൻ വരാമല്ലോ!...............

ഷോ. അതേ, അതുതന്നെയാണു ഞാനും പറയുന്നതു്. എനിക്കും അവനെ പറഞ്ഞയക്കാൻ തീരെ ഇഷ്ടമില്ല. ഞങ്ങൾക്കെല്ലാം അവൻ പോകുന്നതിൽ സങ്കടമുണ്ടു്. പക്ഷേ, എന്തു ചെയ്യും? വന്ന സുഖക്കേടു മാറാതെ പറ്റുമോ? സാവിയൊ ഞങ്ങളുടെ ജീവനാണു്. ഇത്രയും കാലം ഓറട്ടറിയിലും, സ്കൂളിലും, കളിസ്ഥലത്തും എവിടേയും ഞാൻ പറഞ്ഞതനുസരിച്ചുമാത്രമേ അവൻ നടന്നിട്ടുള്ളൂ. അവിടെയെല്ലാം ഒരു ഉത്തമജീവിതമാണു നയിച്ചിട്ടുള്ളതു്. തൻെറ സഹപാഠികൾക്കെല്ലാം സാവിയൊ മാതൃകാവിദ്യാർത്ഥിയായിരുന്നു. ഓറട്ടറിയിൽ അവനെൻെറ ജീവനായിരുന്നു. ഇങ്ങനെ ഒരു വേർപാടു വരുമെന്നു ഞാൻ നിനച്ചിരുന്നതല്ല.

ചാ. ദൈവതിരുമനസ്സു് നിറവേറട്ടെ.

സാ. (സസങ്കടം) പ്രിയ സഹോദരന്മാരെ, ഞാൻ നിങ്ങളെ വിട്ടുപിരിയുകയാണു്. ഇവിടുത്തെ എൻെറ പെരുമാററത്തിൽ വല്ല തെററുകളും ഉണ്ടായിട്ടുണ്ടെങ്കിൽ നിങ്ങൾ ദയാപൂർവ്വം ക്ഷമിക്കണമെന്നു് അപേക്ഷിക്കുന്നു. നിങ്ങളോടുകൂടിത്തന്നെ ഇവിടെ ജീവിച്ചു മരിക്കണമെന്നായിരുന്നു എൻെറ ആഗ്രഹം. പക്ഷേ, ഞാൻ പോകണമെന്നാണു ദൈവനിശ്ചയം. ഞാൻ പോകുന്നു. ഇനി ഞാൻ മടങ്ങിവരുകയില്ല. (കുട്ടികൾ പൊട്ടിക്കരയുന്നു) നിങ്ങൾ പരസ്പരം സൗഹാർദ്ദത്തോടും നിഷ്കളങ്കതയോടുംകൂടി ജീവിക്കുക. ഡാക്ടർ പറയുന്നതു ഞാൻ വിശ്രമിക്കണമെന്നാണു്. അതേ, വിശ്രമം! വിശ്രമം! മോക്ഷത്തിൽ ചെന്നുള്ള വിശ്രമം! ആ പാവന വിശ്രമസങ്കേതത്തിൽ നിങ്ങളെ ഏവരേയും കാണുവാൻ ദൈവം ഇടവരുത്തട്ടെ. നിങ്ങളുടെ വിലയേറിയ പ്രാർത്ഥനകളിൽ ഇവനെ സ്മരിക്കണമേ ങ്ആ! (ആലോചിച്ചു്) പ്രിയ ഡേവീസ്, നിനക്കു കുറച്ചു സംഖ്യ

തരാനുണ്ടല്ലോ. നമ്മുടെ കണക്ക പറഞ്ഞുതീക്കണം അല്ലെങ്കിൽ ദൈവവുമായി എൻെറ കണക്ക തീക്കവാനുള്ള സമയം വരുമ്പോൾ ഞാൻ പരുങ്ങലിലാകും.

ഡേ. സാവിയൊ, അതു പോകട്ടെ. സാവിയൊ തിരിച്ചുവന്നിട്ടു മതി.

സാ. ഞാൻ തിരിച്ചുവരുക എന്നതു് ഇനി ഉണ്ടാകുകയില്ല. നേരെമറിച്ചു ഞാൻ തിരിച്ചുപോവുകയാണ്. ഇനി നാം ഇവിടെ കണ്ടെന്നു വരികയില്ല. അതിനാൽ ഇപ്പോൾ ത്തന്നെ കണക്ക തീക്കാം. (സംഖ്യ എടുത്തു കൊടുക്കുന്നു. സസങ്കടം ഡേവീസ് വാങ്ങുന്നു) പ്രിയ സഹോദരന്മാരേ, നിങ്ങൾ അമലോത്ഭവസൊഡാലിറിയുടെ നിയമങ്ങൾ വിശ്വസ്തതാപൂവ്വം അനുസരിച്ചുകൊണ്ടു ജീവിക്കണം. പരി. കന്യകമറിയത്തോടു ചെയ്തിരിക്കുന്ന പ്രതിജ്ഞയിൽ വിശ്വസ്തരായിരിക്കുകയും അവളിൽ വിശ്വാസം നിക്ഷേപിക്കുകയും ചെയ്യുക. ഇനി ഞാൻ പോകുകയാണ്. പ്രിയ അച്ചാ, ഞാൻ പോകട്ടെ. എനിക്ക യാത്രാനുവാദം തരു......... ദൈവതിരുമനസ്സു നിറവേറട്ടെ. അങ്ങു റോമിൽ പോകാനിടയായാൽ ഞാൻ ഇംഗ്ലണ്ടിനെപ്പററി പറഞ്ഞതു് അനുസ്മരിക്കണം. അതെപ്പററി പ. പിതാവിനോടു പറയുകയും വേണം. നമുക്ക് ഇനി പറുദീസായിൽവച്ചു കണ്ടുമുട്ടാം. (കുട്ടികളോട്) പ്രിയപ്പെട്ട സുഹൃത്തുക്കളേ, എൻെറ അന്ത്യവന്ദനം. എനിക്കുവേണ്ടി പ്രാത്ഥിക്കണം. നമ്മുടെ കത്താവിൻെറ പറുദീസായിൽവെച്ചു വീണ്ടും നമുക്ക കണ്ടുമുട്ടാം. അച്ചാ, അങ്ങയെ അനുസ്മരിക്കുന്നതിന് അങ്ങ് എനിക്കൊരു സമ്മാനം തരുമോ?

ഫാ. ബോ. തീർച്ചയായും. നിനക്കെന്താണിഷ്ടം— ഒരു പുസ്തകം?

സാ. അല്ല. കുറെക്കൂടെ നല്ലതു്?

ഫാ. ബോ. യാത്രയ്ക്കു പണമോ?

സാ. അതേ. അതുതന്നെ; നിത്യതയിലേയ്ക്കുള്ള യാത്രയ്ക്കുവേണ്ട പണം. മരണനേരത്തു കൊടുക്കുവാൻ പടി. പിതാവു് അങ്ങേയ്ക്കു നല്കിയിട്ടുള്ള ദണ്ഡവിമോചനം. അതിൽ ഭാഗഭാക്കാകാൻ കഴിയുന്നവരുടെ കൂട്ടത്തിൽ എൻെറ പേരുംകൂടി എഴുതണം.

ബോ. ഉവ്വ്. സാവിയൊ. എൻെറ കുഞ്ഞേ, നീ പോയാലുടനെ നിന്നെ ലിസ്റ്റിൽപ്പെടുത്തും.

സാ. സന്തോഷം. അച്ചാ, ഇനി ഞാൻ പോകട്ടെ. എല്ലാവരോടും യാത്രാനുമതി ചോദിക്കുന്നു. പ്രിയ അച്ചാ, അവിടുന്നെന്നെ അനുഗ്രഹിക്കുക (മുട്ടുകുത്തുന്നു. ബോസ്കോ അനുഗ്രഹിക്കുന്നു)

ചാ. ഞങ്ങൾ പോകട്ടെ.

ഫാ. ബോ. ശരി. സാവിയൊയെ നല്ലപോലെ ശുശ്രൂഷിക്കു. വിവരത്തിനു് എഴുതയക്കണം. ഞങ്ങൾ പ്രാർത്ഥിക്കുന്നതാണു്.

(ചാറൽസും ഫാ. ബോസ്കോയും കൈകൂപ്പുന്നു)

സാ. പ്രിയ അച്ചാ, സഹോദരന്മാരെ, ഒന്നുകൂടി എൻെറ അന്ത്യവന്ദനം! ജയ് ജീസസ്!

(ചാറൽസും സാവിയൊയും പോകുന്നു. ഇതരർ സദുഃഖം യാത്രയയയ്ക്കുന്നു.)

കർട്ടൻ.

L. D. V. M.



## ഗ്രന്ഥകർത്താവിൻെറ ഇതരകൃതികൾ

1 സഖാക്കൾ (നാടകം) . . . . . 0—50
2 ആർ കുററവാളി? (നാടകം) . . 0—62
3 ജീവിതന്നൗക (ചെറുകഥ) . . . 0—25

ആവശ്യപ്പെടുക:
മാനേജർ,
കേരള ബുക്ക്സ്റ്റോർസ്,
ഒല്ലൂർ.

# സ്നേഹം ജീവിക്കുന്നു



ജെ. പി. മില്ലർ

Indic Digital Archive Foundation
gpura.org